# ഇന്ത്യയിലെ മാർ തോമാ നസ്രാണികൾ

**ഡോ.ജോസഫ് പെരുംതോട്ടം**

അതിപുരാതനമാണ് ഇന്ത്യയിലെ ക്രൈസ്തവ സഭ. ഈശോ മിശിഹായുടെ പന്ത്രണ്ടു ശ്ലീഹന്മാരിൽ ഒരുവനായ മാർ തോമാ ശ്ലീഹായാൽ സ്ഥാപിതം എന്നതിനാൽ തന്നെ ഈ സഭയുടെ പൗരാണികത്വം വ്യക്തമാണ്. ഭാരതസഭയുടെ ശ്ലൈഹികോൽഭവത്തെറിച്ച് നിരവധി പഠനങ്ങൾ ഇന്നു സുലഭമാണ്. ഭാരത സഭാചരിത്രം വിവിധ ഭാഷകളിൽ ഇന്നു ലഭ്യവുമാണ്. അത് അതേ രൂപത്തിൽ ഇവിടെ ആവർത്തിക്കുന്നത് അപ്രസക്തമായിരിക്കും. താരതമ്യേന അധികം വെളിച്ചം വീശാത്ത ചില ഏടുകളിൽ ശ്രദ്ധയൂന്നി ഇന്ത്യയിലെ മാർ തോമാ നസ്രാണീ സഭയെ ചരിത്രപരമായി അവതരിപ്പിക്കുവാനാണു ആഗ്രഹിക്കുക.

## പതിനാറാം നൂറ്റാണ്ടു വരെ

മാർ തോമാ നസ്രാണികൾ, മാർ തോമാ ക്രിസ്ത്യാനികൾ, നസ്രാണിമാപ്പിളമാർ, സുറിയാനിക്രിസ്ത്യനികൾ എന്നൊക്കയാണു ഇന്ത്യയിലെ പൗരാണിക ക്രിസ്തീയ സമൂഹം പരമ്പരാഗതമായി അറിയപ്പെട്ടിരുന്നത്. തോമാ ശ്ലീഹയാൽ സ്ഥാപിതമായ ഈ സഭ പേർഷ്യൻ സാമ്രാജ്യത്തിലെ സഹോദര സഭകളുമായി പുരാതനകാലം മുതലേ സജീവബന്ധം പുലർത്തിയിരുന്നതയി കാണാം. ഒരേ ശ്ലൈഹീക പൈതൃകത്തിന്റെ അവകാശികൾ എന്നതാണു ഈ ബന്ധത്തിനുള്ള മുഖ്യ അടിസ്ഥാനം. കാരണം, തോമാ ശ്ലീഹായിൽ നിന്നോ അദ്ദേഹത്തിന്റെ ശിഷ്യരിൽ നിന്നോ വിശ്വാസം ഏറ്റു വാങ്ങിയ സഭകളാണിവ. ദൈവിക വെളിപാടിന്റെ ഭാഷയായ സുറിയാനി ഈ സഭകൾക്കെല്ലാം ആരാധന ഭാഷയായത്, ജനതകൾ തമ്മിൽ വർഗപരവും സാംസ്കാരികവുമായ ബന്ധം, നൂറ്റാണ്ടുകൾ പഴക്കമുള്ള വാണിജ്യ ബന്ധം മുതലായവയും ഈ സഭകൾ തമ്മിലുള്ള സംസർഗത്തിനു സ്വാഭാവികത നൽകി.

### തോമാ മാർഗ്ഗം

തങ്ങളുടെ ശ്ലൈഹിക പൈതൃകം സംരക്ഷിക്കുന്നതിലായിരുന്നു മാർ തോമാ നസ്രാണികൾ ഏറ്റവും കൂടുതൽ ശ്രദ്ധിച്ചിരുന്നത്. അതിനെ അവർ തോമ്മയുടെ നിയമം അഥവ തോമാമാർഗം എന്നു വിളിച്ചു. അവരുടെ മെശയാനിക ജീവിത ശൈലിയുടെ

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

ആകെത്തുകയരുന്നു അത്. തങ്ങളുടെ മാതൃസഭയുടെ ഭാരതീയവും പൗരസ്ത്യവുമായ തനിമയെ പ്രകാശിപ്പിക്കുന്ന എല്ലാ ഘടകങ്ങളും തോമാമാർഗം കൊണ്ട് അർഥമാക്കിയിരുന്നു. മാർ തോമാ ശ്ലീഹയിൽ നിന്നും ഏറ്റു വാങ്ങിയ വിശ്വാസപൈതൃകത്തിൽ അടിയുറച്ചുനിന്ന് ഇന്ത്യയിലെ മാർത്തോമ്മ നസ്രാണികൾ നൂറ്റാണ്ടുകളിലൂടെ ആർജിച്ച സഭാ ജീവിത ശൈലിയുടെ ആകെത്തുകയാണു മാർ തോമാ മാർഗം എന്നു നിർവചിക്കവുന്നതാണ്. ഞങ്ങളുടെ നിയമാനുസൃതമായ കീഴ്‌വഴക്കങ്ങളും പാരമ്പര്യങ്ങളും ആചാരങ്ങളും സ്വാതന്ത്ര്യവും പണയപ്പെട്ടുത്താതെയും, സഹോദരീ സഭയായ പൗരസ്ത്യ സുറിയാനിസഭയുടെ സഭാശിക്ഷണസംവിധാനത്തെ തികച്ചും വൈദേശികമയി കരുതി തള്ളികളയാതെയും സ്വന്തമായൊരു സഭാശിക്ഷണക്രമം രൂപപ്പെടുത്താൻ മാർ തോമാ നസ്രാണികൾക്കു കഴിഞ്ഞു. പൗരസ്ത്യസുറിയാനി റീത്ത് തോമാ മാർഗത്തിലെ ഏറ്റം വിലയേറിയ ഘടകം ആയി മാർ തോമാ നസ്രാണികൾ ആദരിച്ചു. തങ്ങളുടെ മെശയാനികജീവിതശൈലിയുടെ ബാഹ്യഘടകങ്ങളാകത്തക്കവിധം പല സാമൂഹികാചാരങ്ങളും നസ്രാണികൾ അനുരൂപപ്പെടുത്തുകയോ ക്രൈസ്തവീകരിക്കുകയോ ചെയ്തു. പല കാര്യങ്ങളിലും ശരിയായ സാംസ്കാരികാനുരൂപണത്തിന്റെ ഉത്തമ മാതൃകയായിരുന്നു മാർ തോമാ നസ്രാണികളുടെ ക്രിസ്തീയ ജീവിതം. വിവാഹാഘോഷത്തോടനുബന്ധിച്ചുള്ള ആചാരാനുഷ്ഠാനങ്ങളിൽ സാംസകരികാനുരൂപണം കൂടുതൽ പ്രകടമാണ്. ആധ്യത്മികജീവിതത്തെ സംബന്ധിച്ചിടത്തോളം നസ്രാണികളുടെയിടയിൽ തിളങ്ങിനിന്ന ഒന്നാണു അവരുടെ താപസചൈതന്യം. ആദിമസഭയുടെ ആത്മീയജീവിതശൈലിയോടു വളരെയേറെ അടുത്തു നിൽക്കുന്ന ഒന്നായിരുന്നു അത്. നോമ്പിനും ഉപവസത്തിനും നൽകിയിരുന്ന പ്രാധാന്യം നസ്രാണികളുടെ താപസജീവിതചൈതന്യത്തെ പ്രകാശിപ്പിക്കുന്നതാണ്. ബുധനാഴ്ച്ചകളിലും, വെള്ളിയാഴ്ച്ചകളിലും ഉപവസതിന്റെ കാര്യത്തിൽ നസ്രാണികളുടെ ഈ നല്ല മാതൃക അനുകരിക്കാൻ പാശ്ചാത്യമിഷനറിമാർക്ക് ഒട്ടും എളുപ്പമായിരുന്നില്ല എന്നു ജെറോം സേവ്യർ എന്ന ഈശോ സഭാ വൈദികൻ കൊച്ചിയിൽ നിന്നും 1590-ൽ തന്റെ ജനറാൾ അച്ചന് എഴുതിയ കത്തിൽ സൂചിപ്പിക്കുകയുണ്ടായി. നസ്രാണികളുടെ ആഴമായ ആധ്യാത്മികതയെ പാശ്ചാത്യ മിഷനറിമാർ വളരെയേറെ ശ്ലാഘിക്കുകയുണ്ടായി. ഉപവാസത്തിന്റെ സ്നേഹിതർ എന്നതാണു മിഷണറിമാർ നസ്രാണികളെ വിളിച്ചിരുന്നത്. ഉപവാസദിനങ്ങളിൽ മാംസം, മൽസ്യം, പാലും അതിന്റെ ഉൽപ്പന്നങ്ങളും, ലഹരിവസ്തുക്കൾ തുടങ്ങിയവ വർജിച്ചിരുന്നു. വിവാഹിതർ ദാമ്പത്യവകാശങ്ങളും ഉപേക്ഷിച്ചിരുന്നു. ദിവസത്തിൽ ഒരു പ്രാവശ്യം മാത്രമേ ഭക്ഷിച്ചിരുന്നുള്ളു; അത് വൈകുന്നേരം ആയിരുന്നു. ഉപവാസത്തേക്കുറിച്ചുള്ള പൗരസ്ത്യസുറിയാനി പാരാമ്പര്യവും താപസജീവിതത്തെക്കുറിച്ചുള്ള

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

ഭാരതീയ ചിന്തകളും മാർ തോമാ നസ്രാണികളുടെ ആധ്യാത്മികജീവിതത്തിൽ സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നതായി കാണാം. പൗരസ്ത്യസുറിയാനീസഭയിൽ ഉപവാസം വളരെ കർക്കശമായിരുന്നു മാംസം, മത്സ്യം, മുട്ട, പാൽ തുടങ്ങിയവയൊന്നും അവർ ഭക്ഷിച്ചിരുന്നില്ല. വൈകുന്നേരത്തെ ആരാധനാശുശ്രൂഷയ്ക്കു ശേഷമേ എന്തെങ്കിലും ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്തിരുന്നുള്ളൂ. ഹൈന്ദവർക്കിടയിലും നോമ്പിനും ഉപവാസത്തിനും ഏറെ പ്രാധാന്യമുണ്ടായിരുന്നു. പരിത്യാഗത്തോടും പരിഹാരപ്രവൃത്തികളോടുംകൂടെ സ്വമനസ്സാലെ ദീർഘമായ ഉപവാസജീവിതത്തിൽ അവർ ഏർപ്പെട്ടിരുന്നു. ബ്രാഹ്മണർ ചെറുപ്പം മുതൽ തന്നെ നിരവധി ദിവസങ്ങൾ ഉപവാസത്തിനായി നീക്കിവെച്ചിരുന്നു. വൈകിട്ട് ഒരുനേരം മാത്രമേ ഭക്ഷിച്ചിരുന്നുള്ളു, അത് സസ്യഭക്ഷണം ആയിരുന്നു. ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ചിരുന്നില്ല. ദാമ്പത്യാവകാശങ്ങളും വർജിച്ചിരുന്നു.

## സഭാവിജ്ഞാനീയം

സഭയെ സംബന്ധിച്ച ശരിയായ കാഴ്ചപ്പാടാണ് മാർ തോമാ നസ്രാണികൾ പുലർത്തിയിരുന്നത്. സഭ സഭകളുടെ കൂട്ടായ്മയാണെന്നുള്ള അവബോധം അവരിൽ രൂഢമൂലമായിരുന്നു. 16-ആം നൂറ്റാണ്ടിൽ കേരളത്തിൽ എത്തിയ പാശ്ചാത്യമിഷനറിമാരുമായുള്ള സമ്പർക്കത്തിന്റെ സ്വഭാവം വിശകലനം ചെയ്താൽ മാർത്തോമ്മാനസ്രാണികളുടെ സഭാദർശനം എന്തായിരുന്നുവെന്നു വ്യക്തമാകും. തങ്ങളുടെ ലത്തീൻ റീത്തിൽ നിന്നും വ്യത്യസ്തമായ സുറിയാനി റീത്തിനെ തുല്യപദവിയോടെ അംഗീകരിക്കാൻ വൈമനസ്യം കാണിച്ച ലത്തീൻ മിഷണറിമാരുടെ മനോഭാവത്തെ അംഗീകരിയ്ക്കാൻ നസ്രാണികൾക്ക് സാധിച്ചില്ല. പാശ്ചാത്യമിഷനറിമാരെ ആരംഭത്തിൽ സസന്തോഷം സ്വാഗതം ചെയ്ത നസ്രാണികൾ പിന്നീട് അവരുടെ ലത്തീനീകരണ നയങ്ങളിൽ ശക്തമായി പ്രതിക്ഷേധിച്ചു. "നാനാത്വത്തിൽ ഏകത്വം" എന്ന തത്വത്തിൽ ഉറച്ചു നിന്ന നസ്രാണികൾക്കു തങ്ങളുടെ "തോമ്മായുടെ നിയമവും "പശ്ചാതൃരുടെ "പത്രോസിന്റെ നിയമവും" പരസ്പര വിരുദ്ധമായി തോന്നിയില്ല. തിരുസഭയിൽ അംഗീകരിക്കപ്പെട്ടിരുന്ന, തുല്യപദവികളും അവകാശങ്ങളുമുള്ള രണ്ടു വ്യക്തിസഭകൾ ആയിട്ടാണു പൗരസ്ത്യ സഭയെയും പാശ്ചാത്യരുടെ ലത്തീൻ സഭയയും നസ്രാണികൾ കണ്ടത്. തോമായുടെ നിയമം തങ്ങളുടെയും പത്രോസിന്റെ നിയമം പാശ്ചാത്യരുടെയും സഭാജീവിതശൈലികളാണെന്നും ഇവ രണ്ടും അഭംഗുരം സംരക്ഷിക്കപ്പെടേണ്ടതാണെന്നുമുള്ള



www.malankaralibrary.com

ബോധ്യം നസ്രാണികൾക്ക് ഉണ്ടായിരുന്നു. മാർ തോമാ നസ്രാണികൾ പണ്ടേ തന്നെ ഉയർത്തിപ്പിടിച്ച ഈ സഭാവിജ്ഞാനീയമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ അടിവരയിട്ടു പഠിപ്പിക്കുന്നത്. പൗരസ്ത്യ കത്തോലിക്കാസഭകളെ സംബന്ധിക്കുന്ന ഡിക്രിയിൽ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു:

''വിവിധ സ്ഥലകാലമാർഗങ്ങൾക്കനുസരണമായി ജീവിതത്തെ ക്രമവത്കരിച്ചുകൊണ്ട് ഓരോ പ്രദേശികസഭയുടെയും പാരമ്പര്യങ്ങളെ അഭംഗമായും പൂർണമായും സംരക്ഷിക്കുക എന്നതാണു തിരുസഭയുടെ ലക്ഷ്യം (n. 2).

എല്ലാ സഭകൾക്കും തുല്ല്യപദവിയാണുള്ളത്. റീത്തിന്റെ ന്യയത്താൽ ഒന്നു മറ്റൊന്നിന്റെ മുമ്പിലല്ല. എല്ലാ സഭകൾക്കും ഒരേ അവകാശങ്ങളും ഒരേ ഉത്തരവാദിത്വങ്ങളുമാണുള്ളത് (n.3).

മാർ തോമാ നസ്രാണികളുടെ സഭാവിജ്ഞാനീയത്തിലെ മറ്റൊരു വശം ഭരണാധികാരത്തെക്കുറിച്ചുള്ള അവരുടെ ദർശനമാണ്. സഭയുടെ ശിക്ഷണക്രമവും ഭരണാധികാരവുമൊക്കെ മുഖ്യമായും ആധ്യാത്മിക പിതൃസ്വത്ത് സംരക്ഷിക്കാനുള്ള സംവിധാനങ്ങൾ ആയിട്ടാണു അവർ കരുതിയത്. തങ്ങളുടെ മേലധ്യക്ഷന്മാർ സുറിയാനിക്കാർ ആകുന്നതിൽ എന്നും സന്തോഷിച്ച മാർത്തോമ്മാനസ്രാണികൾ, ലത്തീൻ മെത്രാന്മാരെ അവർ ലത്തീൻകാരാണെന്നതിൽ തിരസ്കരിച്ചതായി കാണുന്നില്ല. ഭരണാധികാരി സ്വദേശീയനോ വിദേശീയനോ ആകട്ടെ, സുറിയാനിക്കാരനോ ലത്തീൻകാരനോ ആകട്ടെ, അദ്ദേഹം തങ്ങളുടെ റീത്തിനെ ആദരിക്കുന്നയാളും റീത്തിനെക്കുറിച്ചു തങ്ങളെ പഠിപ്പിക്കാൻ കഴിയുന്ന ആളുമായിരിക്കണമെന്നു മാർ തോമാ നസ്രാണികൾക്ക് നിർബന്ധമുണ്ടായിരുന്നതായി ചരിത്ര രേഖകൾ വ്യക്തമാക്കുന്നു. 1653-ലെ കൂനൻ കുരിശുസത്യവും തുടർന്നുള്ള സംഭവങ്ങളും ഇതിനു തെളിവാണ്.

സഭ കേവലം അധികാരവും ഭരണവുമല്ലെന്നും മിശിഹാനുഭവത്തിൽ അധിഷ്ഠിതമായ വിശ്വാസത്തിന്റെ ആഘോഷവും (ലിറ്റർജി) ജീവിതവും (ആധ്യാത്മികത) സ്വാംശീകരണ(ദൈവശാസ്ത്രം)വുമാണ് സഭയുടെ അന്തസ്സത്തയെന്നും ഉള്ള ആഴമായ ബോധ്യം നസ്രാണികൾക്കുണ്ടായിരുന്നു. അധികാരവും ഭരണവുമൊക്കെ ഈ ആത്മീയപിതൃസ്വത്തിനു ശുശ്രൂഷയും സംരക്ഷണവും നൽകുവാനാണെന്നുള്ള ഈ ദർശനം ഉൽകൃഷ്ടമാണ്.

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

## ഭരണസംവിധാനം

തദ്ദേശീയ ഘടകങ്ങളും കൽദായ സുറിയാനിപാരമ്പര്യങ്ങളും സ്വാംശീകരിച്ചുകൊണ്ട് മാർ തോമാ നസ്രാണികൾ തനതായൊരു ശിക്ഷണക്രമത്തിനു രൂപം നൽകി. സഭാകാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത് പള്ളിയോഗങ്ങളിലായിരുന്നു. വൈദികരും കുടുംബനാഥന്മാരുമായിരുന്നു പള്ളിയോഗത്തിലെ അംഗങ്ങൾ. താരതമ്യേന പ്രാധാന്യം കൂടുതലുള്ള വിഷയങ്ങൾ പല ഇടവകകൾ ചേർന്നുള്ള പ്രാദേശിക യോഗങ്ങളിലും വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ അഖില സഭായോഗത്തിലും തീരുമാനിക്കപ്പെട്ടു. സമൂഹത്തിന്റെ ക്രിസ്തീയ ജീവിതവും സാമ്പത്തികാദി ഭൗതികകാര്യങ്ങളും പള്ളിയോഗങ്ങളാണ് ശ്രദ്ധിച്ചിരുന്നത്. ഗൗരവമായ തെറ്റ് ചെയ്തവരെ സഭാകൂട്ടായ്മയിൽനിന്ന് പുറത്താക്കാനുള്ള അധികാരവും പള്ളിയോഗങ്ങൾക്കുണ്ടായിരുന്നു. പള്ളിയോഗത്തിന്റെ സമ്മതത്തോടെയാണ് അതാത് ഇടവകയുടെ ആവശ്യമനുസരിച്ച് വൈദീകർക്ക് പട്ടം നൽകിയിരുന്നത്. സഭാകാര്യങ്ങളിൽ വിശ്വാസികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ക്രിസ്തീയസമൂഹത്തിന്റെ കീഴ്‌വഴക്കങ്ങളും അവകാശങ്ങളും സംരക്ഷിക്കുകയും ചെയ്തിരുന്നത് പള്ളിയോഗങ്ങളായിരുന്നു.

അഖിലേന്ത്യയുടെയും അർക്കദിയാക്കോൻ എന്നറിയപ്പെട്ടിരുന്ന വൈദികപ്രമുഖനായിരുന്നു പള്ളിയോഗങ്ങളുടെ ഉന്നതാധികാരി. സഭയുടെ തലവനായി "അഖിലേന്ത്യയുടെ മെത്രാപ്പൊലീത്ത" ഉണ്ടായിരുന്നെങ്കിലും ഭരണച്ചുമതല പ്രായോഗികമായി അർക്കദിയോക്കോന്റെ കരങ്ങളിലായിരുന്നു. ആത്മീയ പിതാവെന്ന നിലയിൽ വിശ്വാസകാര്യങ്ങളിൽ മെത്രാപ്പൊലീത്ത പ്രത്യേകം ശ്രദ്ധിച്ചപ്പോൾ അർക്കാദിയാക്കോൻ നസ്രാണി സമൂഹത്തിന്റെ സാമൂഹികരാഷ്ട്രീയ നേതാവായി അവരെ നയിച്ചു. രാജകീയമായ അവകാശാധികാരങ്ങളും അദ്ദേഹം അനുഭവിച്ചിരുന്നു. കൊച്ചിരാജ്യത്തിലെ 72 രാജകുമാരന്മാരിൽ ഒന്നാമനായിട്ടാണു അദ്ദേഹം ആദരിക്കപ്പെട്ടിരുന്നത്. പള്ളിയോഗങ്ങൾക്കുണ്ടായിരുന്ന വലിയ അധികാരവും അർക്കദിയോക്കന്റെ സമുന്നത പദവിയും അവകാശാനുകൂല്യങ്ങളും എല്ലാം നസ്രാണി സഭയെ എറെക്കുറെ സ്വതന്ത്രമായ "ക്രിസ്തീയ റിപ്പബ്ലിക്ക്" ആക്കിയിരുന്നു.

ആദ്യനൂറ്റാണ്ടുകൾക്കുശേഷം പേർഷ്യയിലെ സഹോദരീസഭയിൽ നിന്നുള്ള സുറിയാനി മെത്രാപ്പോലീത്തമാരുടെ ആത്മീയനേതൃത്വമാണ് നസ്രാണിസഭ സ്വീകരിച്ചത്. അർക്കദിയോക്കൻ എക്കാലത്തും ഒരു തദ്ദേശീയവൈദികനായിരുന്നു. ഈശോ സഭാ

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

വൈദികനായിരുന്ന ജോൺ കമ്പോരി 17-ആം നൂറ്റാണ്ടിന്റെ ആരംഭത്തിൽ എഴുതിയ ഒരു റിപ്പോർട്ടിൽ മെത്രാപ്പോലീത്തായുടെ പദവിയെക്കുറിച്ച് ഇപ്രകാരം പ്രസ്താവിക്കുന്നു:

"മലബാറിന്റെ (കേരളം) മെത്രാൻ എക്കാലവും ഒരു ആർച്ച് ബിഷപ്പും ഇന്ത്യയിൽ എറ്റവും പൗരാണികനുമായിരുന്നു. ഇന്ത്യ മുഴുവന്റെയും അതിന്റെ പ്രാന്തപ്രദേശങ്ങളുടെയും ആർച്ച് ബിഷപ്പും മെത്രാപ്പോലീത്തയുമായിരുന്നു അദ്ദേഹം".

# നസ്രാണിസഭ 16-ആം നൂറ്റാണ്ടിനു ശേഷം

## നസ്രാണീ-പോർച്ചുഗീസ് ബന്ധം

1498-ൽ പോർച്ചുഗീസുനാവികനായ വാസ്കോഡഗാമ കേരളത്തിയതോടെ പാശ്ചാത്യലോകവുമായുള്ള കേരളബന്ധത്തിന്റെ ആധുനികചരിത്രത്തിനു ആരംഭം കുറിച്ചു.1500-ൽ ആദ്യഗണം പാശ്ചാത്യമിഷണറിമാരും ഇവിടെയെത്തി.

ഇക്കാലഘട്ടത്തിലെ ഭാരതസഭയെക്കുറിച്ച് വിലയേറിയ സൂചനകൾ നൽകുന്ന ഒരു സുപ്രാധാന രേഖയാണു അന്ന് കേരളത്തിലുണ്ടായിരുന്ന നാലു കൽദായസുറിയാനി മെത്രാന്മാർ ചേർന്ന് 1504-ൽ കൽദായ പാത്രിയാർക്കിസിനെഴുതിയ കത്ത്. " ഇന്ത്യയിലേക്കും ജാവായ്ക്കും ചൈനായ്ക്കും മഹാചൈനയ്ക്കും ഇടയ്ക്കുള്ള ദ്വീപുകളിലേക്കുമായി അയക്കപ്പെട്ട ഈ മെത്രാന്മാരിൽ ഒരുവനായിരുന്ന മാർ യാക്കോബ് ഇന്ധ്യയുടെ മെത്രാപ്പൊലീത്താ എന്ന പദവിയോടെ 1552 വരെ കൊടുങ്ങല്ലൂർ ആസ്ഥാനമാക്കി മാർത്തോമ്മാ നസ്രാണികളെ നയിക്കുകയുണ്ടായി".

മുകളിൽ പരാമർശിച്ച കത്തെഴുതുന്ന അവസരത്തിൽ കേരളത്തിൽ ആകെ 5 സുറിയാനിമെത്രാന്മാരുണ്ടായിരുന്നു. ഇന്ത്യയിലേക്കും സമീപപ്രദേശങ്ങളിലേക്കുമായി കൽദായ പാത്രിയാർക്കീസ് അയച്ചവരാണവർ. നസ്രാണികളുടെ അഭ്യർഥനപ്രകരാണമാണു അവർ അയക്കപ്പെട്ടത്. കേരളത്തിലെ നസ്രാണീസമൂഹത്തെക്കുറിച്ച് കത്തു നൽകുന്ന സൂചന ഇതാണു; 20 പട്ടണങ്ങളിലായി ഏതാണ്ട് 30,000 നസ്രാണി കുടുംബങ്ങൾ ഉണ്ടായിരുന്നു. ഈ സ്ഥലങ്ങളിൽ എല്ലാം പള്ളികളും ഉണ്ടായിരുന്നു. മൈലാപ്പൂരിലും ഒരു നസ്രാണിസമൂഹം നിലവിലിരുന്നു. ഇന്ത്യയിൽ കല്യാൺ, ഗോവ മുതലായ പ്രദേശങ്ങളിലും സൊക്കൊത്ര, ജാവ തുടങ്ങിയ ദ്വീപുകളിലുമായി



www.malankaralibrary.com

വ്യാപിച്ചിരുന്ന സുറിയാനിക്രിസ്ത്യാനികളിടെ എറ്റം വലിയ കേന്ദ്രം കേരളമായിരുന്നു എന്നതിന്റെ സൂചനകാളാണു നമുക്കു ലഭിക്കുക. എതാണ്ട് 25000-ലധികം വരുന്ന സമർത്ഥരായ നസ്രാണിസൈന്യങ്ങളെ" നിലനിർത്താൻതക്ക ശക്തമായ ഒരു സഭാസമൂഹമായിരുന്നു നസ്രാണികൾ എന്നു കത്ത് സൂചിപ്പിക്കുന്നു.

സുറിയാനിക്കാരായ കൽദായ മെത്രാന്മരോട് മാർത്തോമ്മാനസ്രാണികൾകൾ ഹൃദ്യമായ ബന്ധമാണു എക്കാലവും പുലർത്തിയിരുന്നത്. നവാഗതരായ പോർച്ചുഗീസുകാർക്കും അവർ സന്തോഷത്തോടെ സ്വാഗതമരുളി. മെത്രാന്മാരും പോർച്ചുഗീസുകാരും തമ്മിലും നല്ല സഹകരണമാരുന്നു ആരംഭത്തിൽ. കുരുമുളകു കൃഷിക്കാരായ നസ്രാണികൾ മാർ യാക്കോബിന്റെ പ്രേരണയാൽ കുരുമുളകു മുഴുവൻ അറബികൾക്കു കൊടുക്കാതെ പോർച്ചുഗീസു രാജാവിനു കൊടുത്തു തുടങ്ങിയത് അവർ തമ്മിലുള്ള സഹകരണത്തിനു തെളിവാണ്.

ഇപ്രകാരം സൗഹൃദത്തിൽ ആരംഭിച്ച ബന്ധം ക്രമേണ സംഘർഷത്തിലേക്കു നീങ്ങി. മനോഭാവത്തിലും ലക്ഷ്യത്തിലും ഉണ്ടായിരുന്ന വ്യത്യാസമായിരുന്നു അതിനു കാരണം. മാർത്തോമ്മാനസ്രാണികൾ ജീവനുതുല്യം സ്നേഹിച്ചിരുന്ന സുറിയാനി റീത്തുമാറ്റി ലത്തീൻ റീത്തുമായി ക്രമേണ അവരെ അനുരൂപപ്പെടുത്തുവനുള്ള പാശ്ചാത്യ മിഷണറിമാരുടെ നീക്കങ്ങളായിരുന്നു സംഘർഷത്തിനു മുഖ്യകാരണം. മാർ യാക്കോബ് പോർച്ചുഗീസ് രാജാവിന് 1524-ൽ എഴുതിയ കത്ത് ഈ സൂചനയാണു നൽകുന്നത്.

## പാശ്ചാത്യവൽക്കരണസംരംഭങ്ങൾ

ഭാരതപൗരസ്ത്യസഭയെ ലത്തീൻ സഭയോട് താദാത്മ്യപ്പെടുത്താൻ ആഗ്രഹിച്ച മിഷണറിമാർ അതിനുള്ള എറ്റം ഫലപ്രദമായ മാർഗമെന്ന നിലയിൽ നസ്രാണികൾക്ക് ലത്തീൻ റീത്തിൽ വൈദിക പരിശീലനം നൽകാൻ ആരംഭം മുതലെ ശ്രദ്ധിച്ചുതുടങ്ങി. തങ്ങളുടെ രാഷ്ട്രീയസ്വാധീനം മിഷനറിമാർ അതിനായി പ്രയോജനപ്പെടുത്തുകയും ചെയ്തു. ഒറ്റപ്പെട്ട പരിശ്രമങ്ങൾക്കു പുറമെ, 1541-ൽ വിൻസെന്റ് ദെലഗോസ് എന്ന കപ്പൂച്ചിൻ സന്ന്യാസി മാർ തോമാ നസ്രാണികൾക്കുവേണ്ടി കൊടുങ്ങല്ലൂരിൽ ഒരു സെമിനാരി സ്ഥാപിച്ചു. 100 പേർ അവിടെ പരിശീലനം നേടിയിരുന്നതായി 1549-ൽ അവിടെ എത്തിയ ഫ്രാൻസിസ് സേവ്യർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

ലത്തീനീകരണസംരംഭങ്ങളെ ആരംഭത്തിൽ വളരെ ശക്തമായി എതിർത്തിരുന്ന മാർ യാക്കോബ് തന്റെ വാർദ്ധക്യത്തിൽ സമ്മർദ്ദങ്ങൾക്കു വഴങ്ങിയായിരുന്നിരിയ്ക്കണം ലത്തീനീകരണത്തിന് വളരെയേറെ വിധേയനായിത്തീർന്നു. ഫ്രാൻസീസ് സേവ്യർ തന്നെ അതിനു സാക്ഷ്യം നൽകുന്നുണ്ട്.

"മാർ യാക്കോബ്...ഇപ്പോൾ തന്റെ വാർധക്യത്തിൽ വിശുദ്ധ അമ്മായായ റോമാസഭയുടെ ആചാരനുഷ്ഠാനങ്ങളോട് വളരെ അനുസരണം പുലർത്തുന്നു.."" ലത്തീൻ സഭയുടെ ആചാരനുഷ്ഠാനങ്ങളോട് താദാത്മ്യപ്പെടുമ്പോഴാണു ഒരുവൻ യഥാർഥ കത്തോലിക്കനാകുന്നതെന്നുള്ള പാശ്ചാത്യ മിഷണറിമാരുടെ മനോഭാവം ഫ്രാൻസിസ് സേവ്യറിനും ഉണ്ടായിരുന്നതായി കാണുന്നു. ഏതായാലും മാർ യാക്കോബിന്റെ കാലത്തുതന്നെ ചില ലത്തീൻരീതികൾ നടപ്പാക്കിത്തുടങ്ങി എന്നതിനു ഉദാഹരണമാണു അനുരഞ്ജനകൂദാശയിലെ പാപമോചനം നൽകുന്ന പ്രാർഥനാഫോർമുല ലത്തീൻക്രമത്തിലേത് സുറിയാനിയിലേക്ക് പരിഭാഷപ്പെടുത്തി ഉപയോഗിച്ചത്.

## അകൽച്ചയ്ക്കു കാരണം അസഹിഷ്ണുത

പാശ്ചാത്യ മിഷണറിമാർ പൗരസ്ത്യറീത്തിനോട് അടിസ്ഥാനരഹിതമായി അസഹിഷ്നുത പുലർത്തിയിരുന്നു എന്ന്, നസ്രാണികളുടെ ആദ്യത്തെ ലത്തീൻ മെത്രാനായിരുന്ന ഫ്രാൻസിസ് റോസ് തന്നെ സക്ഷ്യപ്പെടുത്തിയിട്ടുണ്ട്.1604-ൽ അദ്ദേഹം എഴുതി, മാർ തോമാ നസ്രാണികൾ കൊടുങ്ങല്ലൂർ വിട്ടുപോയത് അവിടെ ഉണ്ടായിരുന്ന പോർച്ചുഗീസ് മിഷനറിമാരും ഏതദ്ദേശീയ ലത്തീൻ വൈദീകരും ചേർന്ന് നസ്രാണീ വൈദീകർ പുളിപ്പില്ലാത്ത അപ്പം കൊണ്ട് വി.കുർബാന അർപ്പിയ്ക്കുന്നതു തടഞ്ഞതിനാലും ഉപവാസദിവസങ്ങളിലും മറ്റും മത്സ്യം ഭക്ഷിയ്ക്കുവാൻ ആളുകളെ നിർബന്ധിച്ചതിനാലും വലിയനോമ്പ് ക്ഷാരബുധനാഴ്ച ആരംഭിയ്ക്കുവാൻ കല്പിച്ചതിനാലും മറ്റുമാണെന്ന്. വീണ്ടും 1606ൽ റോസ് മെത്രാൻ എഴുതി, "ലത്തീൻ റീത്തിന്റേതല്ലാത്തതൊന്നും അവർക്കു (മിഷനറിമാർക്ക്) മനസിലായിരുന്നില്ല. അതെല്ലാം പാഷണ്ഡതയും അന്ധവിശ്വാസവുമായി അവർ ചിത്രീകരിച്ചു. തങ്ങളുടെ ആചാരങ്ങൾക്കു വിരുദ്ധമായി നോമ്പുകാലത്ത് മത്സ്യം ഭക്ഷിയ്ക്കുവാനും വീഞ്ഞു കുടിയ്ക്കുവാനും അവരെ (നസ്രാണികളെ) നിർബന്ധിച്ചു. ഇത്തരത്തിലുള്ള ഉപവാസം വിശുദ്ധ നിയമങ്ങളോടും ആദിമസഭയുടെ ഉപവാസരീതിയോടും കൂടുതൽ ഒത്തുപോവുന്നതാണെങ്കിൽ പോലും"

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

മാർ തോമാ നസ്രാണീസഭയിൽ പരമ്പരാഗതമായി നിലവിലിരുന്നതും ആദിമസഭയുടെ ജീവിതശൈലിയോടും ചൈതന്യത്തോടും കൂടുതൽ ചേർന്നു പോവുന്നതുമായ ആചാരാനുഷ്ഠാനങ്ങൾ പോലും അവ ലത്തീൻ ആചാരങ്ങളിൽ നിന്നു ഭിന്നമായിരുന്നതിന്റെ പേരിൽ ഉപേക്ഷിയ്ക്കുവാൻ നസ്രാണികൾ പ്രേരിപ്പിയ്ക്കപ്പെട്ടുകയായിരുന്നു എന്നതിന് റോസിന്റെ സാക്ഷ്യം തെളിവാണ്. പോർച്ചുഗീസ് മിഷനറിമാരുടെ പ്രേഷിതപ്രവർത്തനശൈലിയെ അപഗ്രഥിച്ചുകൊണ്ട് പ്രശസ്ത ചരിത്ര പണ്ഡിതനായ ഷൂർഹാമർ പ്രസ്താവിയ്ക്കുന്നു.

"പതിനാറാം നൂറ്റാണ്ടിനെ പൂർവ്വാർധത്തിലും അതിനു ശേഷവും പോർച്ചുഗീസ് മിഷനറിമാരുടെ ലക്ഷ്യം മാർ തോമാ നസ്രാണികളെ ലത്തീൻ റീത്തിലേയ്ക്ക് മാറ്റുക എന്നതായിരുന്നു. അതിനു സ്വീകരിച്ച മാർഗ്ഗങ്ങൾ സീറോ മലബാർ ക്രൈസ്തവരുടെ ഇടയിൽ ലത്തീൻ വൈദീകരുടെ മിഷൻ പ്രവർത്തനവും അവരുടെ ഇടയിൽ നിന്നു തന്നെ തിരഞ്ഞെടുക്കപ്പെട്ടവർക്കായി ലത്തീൻ രീതിയിലുള്ള വൈദീക പരിശീലനവുമായിരുന്നു."

**സുറിയാനീ ബന്ധം ഇല്ലാതാക്കുക, ലത്തീൻ ഭരണം ഏർപ്പെടുത്തുക**

മാർ തോമാ നസ്രാണീ സഭയെ ലത്തീൻ ഭരണത്തിനു കീഴിലാക്കി ലത്തീൻ റീത്തിനോട് അനുരൂപപ്പെടുത്തുക എന്നതായിരുന്നു പാശ്ചാത്യ മിഷനറിമാരുടെ മുഖ്യലക്ഷ്യം. ഇതിന് ഏറ്റവും വലിയ തടസം സുറിയാനി മെത്രാപ്പോലീത്താമാരുടെ ആദ്ധ്യാത്മിക നേതൃത്വമായിരുന്നു. അതിനാൽ ഈ വരവ് തടയുക അനിവാര്യമായി. അതിനു നീക്കങ്ങളാരംഭിച്ചു.

1552-ൽ മാർ യാക്കോബ് മരണമടഞ്ഞപ്പോൾ നസ്രാണികളുടെ അഭ്യർത്ഥനപ്രകാരം കൽദായ പാത്രിയർക്കിസ് മാർ യൗസേപ്പ് മെത്രാപ്പോലീത്തായെ കേരളത്തിലേയ്ക്കയച്ചു. അനുചരന്മാരോടൊപ്പം 1555ൽ ഗോവയിലെത്തിയ മാർ യൗസേപ്പിനെ അവിടുത്തെ പോർച്ചുഗീസ് സഭാകോടതി കസ്റ്റഡിയിലെടുക്കുകയും ബസ്സെയിനിലെ ഒരു ഫ്രാൻസിസ്കൻ ആശ്രമത്തിൽ തടവിലെന്നപോലെ പാർപ്പിയ്ക്കുകയും ചെയ്തു. ഒന്നരവർഷത്തിനു ശേഷം മോചിതനായ മാർ യൗസേപ്പ് കേരളത്തിലെത്തി നസ്രാണി സഭയെ നയിച്ചു. മിഷനറിമാരുടെ താത്പര്യങ്ങൾക്കു വഴങ്ങാതിരുന്ന മാർ യൗസേപ്പിനെ അവർ പാഷണ്ഡത ആരോപിച്ച് വിചാരണയ്ക്കായി ആദ്യം പോർച്ചുഗലിലേയ്ക്കും പിന്നീട് റോമിലേയ്ക്കും അയച്ചു.

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

സഭാകോടതിയ്ക്ക് അദ്ദേഹത്തിൽ കുറ്റം കണ്ടെത്താനായില്ല. ഏതായാലും 1569ൽ റോമിൽ വച്ച് അദ്ദേഹം നിര്യാതനായി.

സുറിയാനി മെത്രാന്മാരുടെ നേതൃത്വം ഒഴിവാക്കുന്നതിനും നസ്രാണിസഭയെ പാശ്ചാത്യ സഭയോട് അനുരൂപപ്പെടുത്തുന്നതിനും വേണ്ടിയുള്ള മിഷനറിമാരുടെ പ്രയത്നങ്ങൾ ഇക്കാലയളവിലെ ചില കത്തുകളിൽ നിന്നു മനസിലാക്കാം. കൊടുങ്ങല്ലൂരിലെ ഫ്രാൻസിസ്കൻ സെമിനാരിയുടെ റെക്ടറായിരുന്ന ഫെർണാൻഡോ ദെ പാസ് 1557 ജനുവരി 10ന് പോർച്ചുഗീസ് രാജാവിനെഴുതിയ കത്തിൽ പറയുന്നു.

“അവരെ (മാർ തോമാ നസ്രാണികളെ) തങ്ങളുടെ പുരാതന ആചാരങ്ങളിൽ നിന്ന് അകറ്റുന്നതിനു വേണ്ടി ഏതാണ്ട് മൂന്നു വർഷമായി ഞങ്ങൾ കഠിനാദ്ധ്വാനം ചെയ്യുകയാണ്. റോമൻ രീതികളാണ് അനുവർത്തിയ്ക്കേണ്ടതെന്ന് അവരെ ബോധ്യപ്പെടുത്തുന്നതിൽ ഞങ്ങൾ മിക്കവാറും വിജയിച്ചു കഴിഞ്ഞിരിയ്ക്കുന്നു. അതിനു കാരണം മേലിൽ അർമ്മേനിയൻ (കൽദായ) മെത്രാന്മാർ വരുമെന്നുള്ള പ്രതീക്ഷ അവർക്ക് ഇല്ലായതാണ്...

ഈ മെത്രാന്മാർ ഈ രാജ്യത്ത് വരുന്നതു തടയേണ്ടത് അത്യന്താപേക്ഷിതമാണ്. അവരെ വരാൻ അനുവദിയ്ക്കരുതെന്നും വന്നവരെ ബഹിഷ്കരിയ്ക്കണമെന്നും ഇന്ത്യയുടെ ഭരണാധികാരികളോട് അങ്ങു കല്പിയ്ക്കണം. എന്തെന്നാൽ ഈ മെത്രാന്മാരില്ലെങ്കിൽ വലിയൊരു സമൂഹം ആത്മാക്കൾ റോമാസഭയുടെ അനുസരണയിലേയ്ക്ക് ആകർഷിയ്ക്കപ്പെടും.

മാർ തോമാ നസ്രാണികളുടെ ഇടയിൽ ചില പിശകുകൾ ഉണ്ടെന്നല്ലാതെ പാഷണ്ഡത ഒരിയ്ക്കലും കണ്ടിട്ടില്ലെന്ന് ഈ കത്തിൽ തന്നെ ഫെർണാൻഡോ രേഖപ്പെടുത്തുന്നുണ്ട്. റോമാസഭയുടെ അനുസരണയിലേയ്ക്ക് കൊണ്ടുവരിക എന്നതുകൊണ്ട് അദ്ദേഹം അർഥമാക്കിയത് ലത്തീൻ സഭയുടെ ആചാരാനുഷ്ഠാനങ്ങൾ നല്കുക എന്നതാണ്. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പാശ്ചാത്യസഭാജീവിത ശൈലിയോട് താദാത്മ്യപ്പെടുമ്പോൾ മാത്രമേ ഒരുവൻ യഥാർഥ കത്തോലിയ്ക്കൻ ആവുന്നുള്ളൂ. സഭയുടെ ശ്ലൈഹീക പാരമ്പര്യത്തിനും പ്രബോധനങ്ങൾക്കും നിരക്കാത്ത ഈ ചിന്താഗതിയായിരുന്നു ഇന്ത്യയിലെത്തിയ പാശ്ചാത്യ മിഷനറിമാരിൽ ബഹുഭൂരിപക്ഷത്തിനും ഉണ്ടായിരുന്നത്.

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

മാർ യൗസേപ്പിനെ പാർപ്പിച്ചിരുന്ന ഗോവയിലെ ഫ്രാൻസിസ്കൻ ആശ്രമത്തിന്റെ സുപ്പീരിയർ അന്തോണിയോ ദെ പോർത്തോ 1557 നവംബർ 20ന് പോർച്ചുഗീസ് രാജാവിന് എഴുതിയ കത്തിൽ മെത്രാപ്പോലീത്തായെക്കുറിച്ച് സാക്ഷ്യപ്പെടുത്തിയിരിയ്ക്കുന്നത, വിശ്വാസത്തിനു വിരുദ്ധമായ യാതൊന്നും അദ്ദേഹത്തിൽ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നാണ്. മാത്രമല്ല അദ്ദേഹത്തിന്റെ ജീവിതം തികച്ചും മാതൃകാപരമായിരുന്നുവെന്നുമാണ് രേഖപ്പെടുത്തിയിരിയ്ക്കുന്നത്. എങ്കിലും മാർ യൗസേപ്പിനെയും മറ്റും ഫാ. അന്തോണിയോ ലത്തീൻ കുർബാന പരിശീലിപ്പിച്ച് അതനുഷ്ഠിയ്ക്കാനാണ് ഏർപ്പാട് ചെയ്തത്. കേരളത്തിലേയ്ക്ക് പോകാൻ പാടില്ലെന്നും അദ്ദേഹത്തെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. കൽദായ പാത്രിയാർക്കീസ് യാതൊരു കാരണത്താലും മലബാറിലേയ്ക്ക് മെത്രാന്മാരെ അയക്കാൻ പാടില്ലെന്ന് മാർപ്പാപ്പ കല്പിക്കുന്നതിന് മാർപ്പപ്പായ്ക്ക് ഒരു മെമ്മോറാണ്ടം അയയ്ക്കാൻ രാജാവിനോട് ഫാ. അന്തോണിയോ കത്തിലൂടെ അഭ്യർത്ഥിയ്ക്കുകയും ചെയ്തു.

മാർ യൗസേപ്പിന്റെ പിൻഗാമിയായി വന്നത് മാർ അബ്രാഹം എന്ന കൽദായ സുറിയാനി മെത്രാനായിരുന്നു. മിഷനറിമാരുടെ നടപടികളെക്കുറിച്ച് അറിയാമായിരുന്ന മാർ അബ്രാഹം മാർപ്പാപ്പായിൽ നിന്നുള്ള അധികാരപത്രമുൾപ്പെടെ എല്ലാ മുൻകരുതലോടും കൂടെയാണ് എത്തിയത്. എങ്കിലും ഗോവയിൽ വച്ച് അദ്ദേഹം പോർച്ചുഗീസുകാരുടെ കസ്റ്റഡിയിലായി. ഒരു വർഷം കഴിഞ്ഞ് പ്രച്ഛന്നവേഷനായി രക്ഷപെട്ട് മലബാറിലെത്തിയ മാർ അബ്രാഹം 1597- വരെ നസ്രാണിസഭയെ നയിച്ചു. അദ്ദേഹത്തിന്റെ ഭരണകാലത്താണ് ഈശോസഭക്കാർ മലബാറിൽ പ്രവർത്തനമാരംഭിച്ചത്. നസ്രാണീസഭയുടെമേൽ പോർച്ചുഗീസ് പദ്രോവാദോ അധികാരം ഏർപ്പെടുത്തി സഭയെ ലത്തീനീകരിയ്ക്കുക എന്നത് ഈശോസഭാ വൈദീകരുടെ മുഖതാത്പര്യമായിരുന്നു എന്നത് ഇക്കാലയളവിലെ നിരവധി മിഷനറിമാരുടെ കത്തുകളിൽ നിന്ന് തെളിയുന്നു.

സുറിയാനി തീർത്തും ഇല്ലാതാക്കിയാൽ ലത്തീനീകരണം എളുപ്പമായിത്തീരുമെന്ന് ഫാ.ജോർജ്ജ് കാസ്ട്രോ ഒരു കത്തിൽ സൂചിപ്പിയ്ക്കുന്നുണ്ട്. ലത്തീനീകരണം സംരഭങ്ങളോട്മാർ അബ്രാഹം നിസഹകരിച്ചതിനാൽ മിഷനറിമാരുമായുള്ള അദ്ദേഹത്തിന്റെ ബന്ധം തകർന്നു. പതിവുപോലെ മിഷനറിമാർ അദ്ദേഹത്തിലും പാഷണ്ഡത ആരോപിച്ചു തുടങ്ങി. രോഗിയും വൃദ്ധനുമായിത്തീർന്ന മാർ അബ്രാഹം തന്റെ

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

ആർച്ചുഡീക്കനെ പിൻഗാമിയാക്കുക എന്ന അന്ത്യാഭിലാഷം ഈശോസഭക്കാരുടേ എതിർപ്പുമൂലം സഭലമാകാതെ 1597ൽ അന്തരിച്ചു.

# വഴിത്തിരിവ്

## ഉദയംപേരൂർ സൂനഹദോസ്

മാർ അബ്രാഹത്തിന്റെ മരണത്തോടെ പോർച്ചുഗീസ് മിഷനറിമാരുടെ ലക്ഷ്യസത്തിന്റെ ഏറ്റവും വലിയ തടസം നീങ്ങി. ഇനിയുമൊരു സുറിയാനീ മെത്രാൻ കേരളത്തിലെത്താതിരിയ്ക്കാൻ വേണ്ട എല്ലാ സജ്ജീകരണവും അവർ ഉറപ്പാക്കി. അനുകൂലമായ ഈ സാഹചര്യത്തിൽ ഗോവമെത്രാപ്പോലീത്തയായിരുന്ന അലക്സിസ് ഡോം മെനേസിസ് നിശ്ചയദാർഢ്യത്തോടെ കേരളത്തിലേയ്ക്കു തിരിച്ചു. അദ്ദേഹത്തിന്റെ ലക്ഷ്യമെന്തായിരുന്നുവെന്ന് 1597ൽ തന്നെ ജറൂസലേമിലെ ലത്തീൻ പാത്രിയർക്കീസിനുള്ള കത്തിൽ വ്യക്തമാക്കിയിരുന്നു. അത് താഴെപ്പറയുന്ന കാര്യങ്ങളാണ്.

1) മാർ തോമാ നസ്രാണികളുടെ എല്ലാ പള്ളികളും സന്ദർശിയ്ക്കുക.
2) പാഷണ്ഡതകളിൽ നിന്നും തെറ്റുകളിൽ നിന്നും അവരെ ശുദ്ധീകരിച്ച് കത്തോലിയ്ക്കാ വിശ്വാസം നൽകുക.
3) പാഷണ്ഡതകൾ നിറഞ്ഞ പുസ്തകങ്ങളെല്ലാം നശിപ്പിയ്ക്കുക
4) എല്ലാ വൈദീകരേയും ഉൾപ്പെടുത്തി ഒരു സൂനഹദോസ് വിളിച്ചു കൂട്ടുക.
5) അവരെക്കൊണ്ട് റോമാ സഭയെ അനുസരിപ്പിയ്ക്കുക.
6) പരിശുദ്ധ പിതാവ് അയയ്ക്കുന്ന മെത്രാനെ മാത്രമേ സ്വീകരിയ്ക്കുകയുള്ളൂവെന്ന് അവരെക്കൊണ്ട് സത്യം ചെയ്യിയ്ക്കുക.

തന്റെ അധികാരവും സ്വാധീനവും ഉപയോഗിച്ച് ലക്ഷ്യം നേടാമെന്ന് മേനേസിസ് ഉറച്ചു വിശ്വസിച്ചു. കാരണം അധികാരത്തിൽ പോർച്ചുഗീസ് ഇന്ത്യയിലെ രണ്ടാമത്തെ വ്യക്തിയായിരുന്നു ഗോവാ മെത്രാപ്പോലീത്ത. തന്റെ സൗഹൃദം നേടാൻ ആഗ്രഹിയ്ക്കുന്ന

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

നാട്ടുരാജാക്കന്മാരുടെ സ്വാർഥതാത്പര്യങ്ങളെ ചൂഷണം ചെയ്തും ലക്ഷ്യം നേടാമെന്ന് മെനേസിസ് കരുതി. മാർ അബ്രാഹത്തിന്റെ പിൻഗാമി ഒരു ഈശോ സഭക്കാരനും ഗോവയുടെ സാമന്തനുമായിരിയ്ക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചു. പുതിയ മെത്രാൻ സുറിയാനിഭാഷ ക്രമേണ ഇല്ലാതാക്കി പകരം ലത്തീൻ പ്രതിഷ്ഠിക്കണമെന്നും മെനേസിസ് നിശ്ചയിച്ചു.

പദ്ധതി വിജയിപ്പിയ്ക്കുവാൻ മെനേസിസിന് രണ്ടു വലിയ തടസങ്ങൾ കൂടി നീക്കേണ്ടിയിരുന്നു. ഒന്ന്, ആർച്ചുഡീക്കന്റെയും വൈദീകരുടേയും എതിർപ്പ്. രണ്ട്, നാട്ടുരാജാക്കന്മാർ ആർച്ചുഡീക്കനു നൽകിക്കൊണ്ടിരുന്ന സഹായസഹകരണങ്ങൾ. നസ്രാണികളുടെ സംരക്ഷണ ചുമതല ഉണ്ടായിരുന്ന കൊച്ചി രാജാവിന് പോർച്ചുഗീസ് രാജാവിന്റെ പേരിൽ 'ബ്രദർ ഇൻ ആംസ്' എന്നൊരു ബഹുമതി നൽകി മെനേസിസ് അദ്ദേഹത്തെ വശത്താക്കി. ഇതുപോലുള്ള നയങ്ങളും സമ്മാനദാനങ്ങളും വഴി മെനേസിസ് രാജാക്കന്മാരെയൊക്കെ പ്രീതിപ്പെടുത്തി അവരുടെ സഹകരണം ഉറപ്പുവരുത്തി. ആർച്ചുഡീക്കന്റെയും വൈദീകരുടേയും എതിർപ്പിനെ അതിജീവിയ്ക്കാൻ നാലുമാസത്തിനിടയിൽ മൂന്നുസ്ഥലത്തുവച്ച് പട്ടം കൊടുക്കൽ ശുശ്രൂഷ നടത്തി നൂറിലധികം പേർക്ക് മെനേസിസ് പൗരോഹിത്യം നടത്തി. പള്ളികൾ ഓരോന്നോരോന്നായി സന്ദർശിച്ച് അവയെ തന്റെ വശത്താക്കാൻ മെനേസിസ് ശ്രമിച്ചുകൊണ്ടിരുന്നു.

ഇപ്രകാരമുള്ള തയ്യാറെടുപ്പിലൂടെ സൂനഹദോസിന്റെ വിജയം ഏറെക്കുറെ ഉറപ്പാക്കിയ മെനേസിസ് അത് ഉദയംപേരൂരിൽ തന്നെ നടത്തണമെന്ന് നിശ്ചയിച്ചു. പലരുടേയും ആഗ്രഹത്തിനെതിരായി, ആർച്ചുഡീക്കന്റെ ശക്തികേന്ദ്രമായിരുന്ന അങ്കമാലിയിൽ സമ്മേളിയ്ക്കാതെ ഉദയംപേരൂരിൽ തിരഞ്ഞെടുത്തതിനു കാരണം അത് പോർച്ചുഗീസ് കോട്ടകളായിരുന്ന കൊച്ചിയും കൊടുങ്ങല്ലൂരും ഉദയം പേരൂരിന് അടുത്തായിരുന്നതും പണ്ടേ തന്നെ സഹകരണം ഉറപ്പുവരുത്തിയ കൊച്ചീരാജാവിന്റെ ഭരണസീമയിൽപ്പെട്ട സ്ഥലമായിരുന്നതിനാലുമാണ്.

സൂനഹദോസിൽ പാസ്സാക്കേണ്ട ഡിക്രികളുടെ രൂപരേഖ മെനേസിസ് തന്നെ എഴുതിയുണ്ടാക്കി. 1599 ജൂൺ 20ന് സൂനഹദോസ് ആരംഭിച്ചു. 153 വൈദീകരും 660 അല്മായ പ്രതിനിധികളും സംബന്ധിച്ചു. നാലഞ്ചുദിവസംകൊണ്ട് 200 ഡിക്രികൾ പാസാക്കി.

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

## മെനേസിസിന്റെ ആധികാരികത

ഇങ്ങനെയൊരു സമ്മേളനം വിളിച്ചുകൂട്ടുവാൻ മെനേസിസിന് അധികാരമുണ്ടായിരുന്നോ? ഉണ്ടായിരുന്നുവെന്ന് അദ്ദേഹം അവകാശപ്പെട്ടു. അതിന് രണ്ടു ന്യായങ്ങൾ അദ്ദേഹം ഉന്നയിച്ചു.

1) ഒഴിഞ്ഞു കിടക്കുന്ന അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്താ അദ്ദേഹമാണ്.

2) ക്ലെമെന്റ് എട്ടാമൻ മാർപ്പാപ്പ തിരുവെഴുത്തിലൂടെ മെനേസിസിനെ അധികാരപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ഈ രണ്ട് അവകാശവാദങ്ങളും അടിസ്ഥാനരഹിതങ്ങളാണെന്ന് കാണാൻ സാധിക്കും. അങ്കമാലി മെത്രാപ്പോലീത്തായെ തന്റെ സാമന്തനാക്കണമെന്നുള്ള മെനേസിസിന്റെ തന്നെ അഭ്യർത്ഥന അങ്കമാലി തന്റെ സാമന്തരൂപതയല്ലെന്നുള്ള വസ്തുതയെ അംഗീകരിക്കലാണ്. മാത്രമല്ല മലബാർ സഭയിൽ എന്തെങ്കിലും അജപാലനാധികാരം പ്രയോഗിക്കയില്ലെന്നും ഒരു അഥിതി മെത്രാനെന്ന നിലയിൽ മാത്രമേ പ്രവർത്തിക്കുകയുള്ളൂവെന്നും സമ്മതിച്ച രേഖയിൽ ഒപ്പിട്ടുകൊടുത്തതിനു ശേഷമാണ് സൂനഹദോസു വിളിച്ചുകൂട്ടാൻ ആർച്ച് ഡീക്കൻ മെനേസിസിനെ അനുവദിച്ചത്.

ഇനിയും മുകളിൽ സൂചിപ്പിച്ച തിരുവെഴുത്തുകൾ മെനേസിസിനു നൽകുന്ന അധികാരം താഴെപ്പറയുന്നവയാണ്.

1. മാർ അബ്രാഹത്തിന്റെ ജീവിതത്തെയും സിദ്ധാന്തങ്ങളെയും കുറിച്ച് അന്വേഷിക്കുക.
2. മാർ അബ്രാഹം മരണമടയുന്ന സാഹചര്യത്തിൽ റോമിൽ നിന്ന് മറ്റൊരു അജപാലകനെ നിശ്ചയിക്കുന്നതു വരെ സഭയെ നയിക്കുന്നതിന് ഒരു വികാരി അപ്പസ്തോലിക്കയെ നിയമിക്കുക.
3. ഇനിയുമൊരു കൽദായമെത്രാന്റെ ഭരണം തടയുക.

ചുരുക്കത്തിൽ മലബാർ സഭയുടെ ഭരണം ഏറ്റെടുക്കാനുള്ള അധികാരമൊന്നും തിരുവെഴുത്തുകൾ മെനേസിസിന് നൽകിയിരുന്നില്ല. ഒരു സൂനഹദോസ് വിളിച്ചുകൂട്ടി നസ്രാണികളുടെ സഭാജീവിതശൈലിയിൽ അനുചിതമായ മാറ്റം ഉളവാക്കുന്ന ഡിക്രികൾ



www.malankaralibrary.com

പാസ്സാക്കി മഹറോൻ ശിക്ഷയുടെ കീഴിൽ അവ അനുസരിക്കാൻ നസ്രാണികളെ കടപ്പെടുത്തുന്ന നടപടികൾ സ്വീകരിയ്ക്കാൻ മെനേസിസിന് നിയമാനുസൃത അധികാരം ഉണ്ടായിരുന്നില്ല.

## സൂനഹദോസിന്റെ നടത്തിപ്പ്

സൂനഹസോസിന്റെ നടത്തിപ്പിൽ മെനേസിസിനോട് ഏറ്റം അടുത്തു സഹകരിച്ച വ്യക്തികളിൽ നിന്നുതന്നെ അതു സംബന്ധിച്ച് ഏറ്റം ആധികാരികമായ വിവരങ്ങൾ ലഭ്യമാണ്. മിഷനറിമാരായിരുന്ന ഫ്രാൻസീസ് റോസ്, ജോൺ കമ്പോരി, ആൽബർട്ട് ലേർഷ്യോ എന്നിവരാണ് പ്രസ്തുത വ്യക്തികൾ. അവരുടേ കത്തുകൾ താഴെപ്പറയുന്ന വിവരങ്ങൾ നൽകുന്നു.

1. ഒരൊറ്റ ഡിക്രിപോലും ചർച്ച ചെയ്യപ്പെടുകയോ ഡിക്രികളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ അനുവദിയ്ക്കുകയോ ചെയ്തിട്ടില്ല. അതിനാൽ സൂനഹദോസിന്റേതായ ഒരു രൂപം ഉണ്ടായിരുന്നില്ല.

2. പങ്കെടുത്തവർക്ക് ഡിക്രികളുടെ അർത്ഥം അറിവില്ലായിരുന്നു. ഫാ. റോസിന്റെ പ്രേരണയാലാണ് അവർ ഒപ്പ നൽകിയത്.

3. ചില ഡിക്രികൾ പരസ്യമായി വായിക്കുക പോലും ചെയ്തിട്ടില്ല. കുറേ ഡിക്രികൾ സൂനഹദോസിനു ശേഷം മെനേസിസ് സ്വന്തമായി എഴുതിച്ചേർക്കുകയും ചെയ്തു.

## നസ്രാണികളുടെ പ്രതികരണം

തങ്ങൾ വഞ്ചിക്കപ്പെട്ടു എന്നൊരു തോന്നൽ സിനഡിനു ശേഷം നസ്രാണികൾക്ക് ഉണ്ടാവുക തന്നെ ചെയ്തു. അതേക്കുറിച്ച് അവർ പരാതിപ്പെട്ടത് പിന്നീട് കൽദായ പാത്രിയർക്കിസായിരുന്ന മാർ ഔദോയുടെ ഒരു റിപ്പോർട്ടിൽ പറയുന്നു. പരാതിയുടെ സംഗ്രഹം ഇതാണ്:

> ‘‘നെസ്തോറിയൻ തെറ്റുകളിൽനിന്ന് ഞങ്ങളുടെ കൽദായ റീത്തിനെ രക്ഷിയ്ക്കാനാണെന്നും പറഞ്ഞ് ലത്തീൻ മിഷനറിമാർ ഉദയം പേരൂർ സൂനഹദോസ് വിളിച്ചു കൂട്ടി. യൂറോപ്യൻ ഭാഷകളിൽ ഞങ്ങൾക്ക് അറിവില്ലാതിരുന്നതിനാലും ആ

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

> ഭാഷകളിൽ ഞങ്ങൾക്കുവേണ്ടി സംസാരിയ്ക്കാൻ ആരുമില്ലാതിരുന്നതിനാലും അവർ ഞങ്ങളെ വഞ്ചിയ്ക്കുകയും ഞങ്ങളുടെ ഒപ്പുകൾ ശേഖരിയ്ക്കുകയും ലത്തീൻകാരല്ലാത്ത മെത്രാന്മാരെ ഞങ്ങൾ സ്വീകരിക്കുന്നതല്ലെന്നു ഞങ്ങൾ പ്രതജ്ഞ ചെയ്യുതായും മറ്റും ഞങ്ങൾ അറിയാത്ത കാര്യങ്ങൾ എഴുതിവയ്ക്കുകയും ചെയ്തു.''

സ്വതന്ത്രമായ ചർച്ച അനുവദിയ്ക്കാതെയും നിർബന്ധിച്ചും മഹറോൻ ശിക്ഷയെക്കൊണ്ട് ഭയപ്പെടുത്തിയുമൊക്കെ പാസ്സാക്കിയെടുത്ത ഉദയം പേരൂർ ഡിക്രികൾക്കെതിരെ മാർ തോമാ നസ്രാണികളുടെ രോഷം ആളിക്കത്തിയത് തികച്ചും സ്വാഭാവികം തന്നെ.

## അംഗീകാരത്തിന്റെ പ്രശ്നം

സൂനഹദോസിനെതിരെ ജനവികാരം ഉയർന്നതുകൊണ്ടാവണം തന്റെ നേട്ടങ്ങൾ എങ്ങിനെയും സ്ഥിരീകരിയ്ക്കപ്പെടണമെന്ന ആഗ്രഹത്തോടെ ഡിക്രികൾക്ക് മാർപ്പാപ്പായുടെ അംഗീകാരം ലഭിക്കുവാനുള്ള ശ്രമം മെനേസിസ് നടത്തുകയുണ്ടായി. അതിനായി ആൽബർട്ട് ലേർഷ്യോ എന്ന ഈശോസഭാവൈദികനെ മെനേസിസ് ചുമതലപ്പെടുത്തി. എന്നാൽ അവസാനനിമിഷം അവ മാർപ്പാപ്പായ്ക്ക് സമർപ്പിയ്ക്കേണ്ടതില്ല എന്നൊരു തീരുമാനം റോമിൽവച്ച് എടുക്കുകയുണ്ടായി എന്ന് ലേർഷ്യോ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

ഉദയം പേരൂർ ഡിക്രികൾക്ക് മാർപ്പാപ്പയുടെ അംഗീകാരം ലഭിച്ചോ എന്നത് പിൽക്കാലത്ത് ഒരു ചർചാ വിഷയമായതാണ്. ലഭിച്ചെന്നും ഇല്ലെന്നുമുള്ള വാദഗതികൾ ഉയർന്നുവരികയും ചെയ്തു. സത്യാവസ്ഥ കണ്ടെത്തുന്നതിന് റോമിൽനിന്നുതന്നെ ഗവേഷണപരമായ അന്വേഷണം നടക്കുകയും ചെയ്തു. 1976ലെ ഒരു രേഖയിൽ കാണുന്നത്. ഡിക്രികൾ മാർപാപ്പാ അംഗീകരിച്ചതായി അതുവരെയും ഒരു രേഖ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നതാണ്. മറ്റൊരു രേഖയിൽ ഇപ്രകാരം കാണുന്നു.

> ''തിരുവെഴുത്തുകളുടെ സെക്രട്ടറിയേറ്റിലും വത്തിക്കാന്റെ പൊന്തിഫിക്കൽ രേഖാലയത്തിലും സിനഡിനെ അംഗീകരിയ്ക്കുന്ന എന്തെങ്കിലും രേഖ കണ്ടെത്താനാവുമോ എന്നു വളരെ ശ്രമിച്ചെങ്കിലും ഇതുവരെയും അങ്ങനെയൊന്നു കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല.''

ഉദയംപേരൂർ ഡിക്രികൾ മാർപാപ്പ അംഗീകരിച്ചില്ലെങ്കിലും അവ പ്രസിദ്ധീകരിച്ച പ്രചരിപ്പിക്കാൻ മേനേസിസ് നിശ്ചയിച്ചു. അതനുസരിച്ച് 1806-ൽ പോർത്തുഗലിലെ



www.malankaralibrary.com

കൊയിംബ്ര്യയിൽനിന്ന് അവ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ലത്തീൻ ഭരണത്തിൻ കീഴിൽ ക്രമേണ ഉദയംപേരൂർ ഡിക്രികൾക്ക് സ്ഥിരപ്രതിഷ്ഠ ലഭിച്ചു തുടങ്ങി.

## മെനസിസിൻറെ സഭാവിജ്ഞാനീയം

ഉദയംപേരൂർസൂനഹദോസിന്റെ സൂത്രധാരനായ മെനേസിസ് മെത്രാപോലീത്തയുടെ സഭാവിജ്ഞാനീയം സൂനഹദോസിന്റെ തിരുമാനങ്ങളെയും സ്വാധീനിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. അതിന്റെ പ്രത്യാഘാതം മാർത്തോമാനസ്രാണികളുടെ സഭാജീവിത ശൈലികളെയും സഭയുടെ വ്യക്തിത്വത്തെയും പിൽകാലത്ത് ആഴത്തിൽ തന്നെ സ്പർശിച്ചിട്ടുണ്ട്.

'കത്തോലിക്കാസഭ' അഥവാ 'സാർവത്രികസഭ 'എന്നതുകൊണ്ട് മെനേസിസ് അർത്ഥമാക്കിയത് 'ലത്തീൻ സഭ' അഥവാ 'റോമൻസഭ' എന്നാണ്. ശരിയായ കത്തോലിക്കാ ജീവിതശൈലി ലത്തീൻ സഭാജീവിതശൈലി എന്നദ്ദേഹം കരുതി. ഇതര സഭാപാരമ്പര്യങ്ങളെ വേണ്ടവിധം ആദരിക്കാനോ അംഗീകരിക്കാനോ മെനേസിസിനു സാധിച്ചില്ല. അവയൊക്കെ പാഷണ്ഡതകളോ തെറ്റുകളോ ആയിരുന്നു മെനേസിസിന്റെ സഭാവിജ്ഞാനീയത്തിൽ. അതിനാൽ പാശ്ചാത്യ സഭാജീവിതശൈലി പകർന്നു കൊടുത്തുകൊണ്ട് മാർത്തോമനസ്രാണി സഭയെ പൂർണമായും ലത്തീൻകരിക്കാനുള്ള തിരുമാനങ്ങളാണ് സൂനഹദോസിലൂടെ മെനേസിസ് സ്വീകരിച്ചത്. താഴെ സൂചിപ്പിച്ചിരിക്കുന്ന ഡിക്രികൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും.

| | | | |
|---|---|---|---|
| സെഷൻ | iii | ഡിക്രി | 10 |
| ‘’ | iii | ‘’ | 11 |
| ‘’ | iv | ‘’ | 5 |
| ‘’ | v | ‘’ | 5 |
| ‘’ | viii | ‘’ | 1 |
| ‘’ | viii | ‘’ | 10 |
| ‘’ | viii | ‘’ | 14 |
| ‘’ | viii | ‘’ | 23 |

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

## അടിച്ചേല്പിക്കൽ

ഉദയംപേരൂർ സൂനഹദോസിനെ വിലയിരുത്തുമ്പോൾ ശ്രദ്ധേയമായ ഒന്ന് പങ്കെടുത്തവർക്കുണ്ടായിരുന്ന സ്വാതന്ത്ര്യത്തിന്റെ കാര്യമാണ്. സൂനഹദോസിൽ പങ്കെടുക്കതിരുന്നാൽ അതിനാൽത്തന്നെ മഹറോൻ ശിക്ഷയിൽ പെട്ടും എന്ന് പറഞ്ഞു ഭയപെടുത്തിയാണ് മെനസിസ് സൂനഹദോസിലേക്ക് അംഗങ്ങളെ ക്ഷണിച്ചുകൊണ്ട് കത്തെഴുതിയത്. ഡിക്രിയിൽ ഒപ്പ് വയ്ക്കാതെ സ്ഥലം വിട്ടാൽ അതിനാൽത്തന്നെ മഹറോൻ ശിക്ഷയിൽ പെട്ടും എന്ന്പ്രഖ്യാപിക്കുന്നതാണ് രണ്ടാമത്തെ ഡിക്രി. സൂനഹദോസ് നടക്കുന്ന ദിവസങ്ങളിൽ പങ്കെടുക്കുന്നവർ പ്രത്യേകം സമ്മേളിക്കുന്നതും ചർച്ചകൾ നടത്തുന്നതും മഹറോൻ ശിക്ഷയുടെ കീഴിൽ നിരോധിച്ചു.

വൈദീകരെ വികാരിമാരായി നിയമിക്കുന്നതിനും ശെമ്മാശൻ പട്ടം നൽകുന്നതിനും സൂനഹദോസ് നിർദേശിക്കുന്ന വിശ്വാസപ്രഖ്യാപനവും പ്രതിജ്ഞയും അവർ നടത്തണമെന്ന് മഹറോൻ ശിക്ഷയുടെ കീഴിൽ ആവശ്യപെട്ടു. കുദാശകളുടെയും മറ്റും പരികർമത്തിൽ ലത്തീൻ സഭയുടെ ക്രമവും അനുഷ്ഠാനരീതികളും സ്വീകരിക്കാൻ നിർബന്ധിക്കുന്നതും കൽദായ പാത്രിയാർക്കീസിനെ ശപിക്കുന്നതും അദ്ദേഹവുമായുള്ള എല്ലാ ബന്ധവും വിച്ഛേദിക്കുവ്വാൻ കടപെടുത്തുന്നതുമായിരുന്നു ഈ വിശ്വാസപ്രഖ്യാപനവും പ്രതിജ്ഞയും.

ഉദയംപേരൂർ സുന്നഹദോസിനെ കുറിച്ച് ഇത്രയുമൊക്കെ മനസിലാക്കിയതിന്റെ വെളിച്ചത്തിൽ ന്യായമായും അനുമാനിക്കാവുന്നത്, സൂനഹദോസിൽ സ്വതന്ത്രത്തിന്റെയോ സംതൃപ്തിയുടെയോ അന്തരീക്ഷമല്ല, പ്രതൃതാ ഭയത്തിന്റെയും അടിച്ചേൽപ്പിക്കലിന്റെയും ആയിരുന്നു എന്നാണ്. വൈദീകരുടെ ഭാഗത്ത് നിന്ന് വളരെയേറെ എതിർപ്പ് ഉണ്ടായിരുന്നു എന്ന് പങ്കെടുത്ത വൈദീകരുടെ എണ്ണം പരിശോധിച്ചാൽ മനസിലാകും.200-ലധികം വൈദീകർ ഉണ്ടായിരുന്ന അവസരത്തിലാണ് മെനേസിസ് 100-ലധികം പേർക്ക് പട്ടം കൊടുത്തത്. ആകെയുണ്ടായിരുന്ന 300-ലധികം വൈദീകരിൽ 153 പേർ മാത്രമാണ് മഹറോൻ ശിക്ഷയുടെ കീഴിൽ കല്പിച്ചിട്ടും പങ്കെടുത്തത്. അവരിൽ നൂറിലധികം പേരും ഈ ലക്ഷ്യം വച്ച് മെനേസിസ് പട്ടം കൊടുക്കാത്തവരായിരിക്കണം. അതായത്,നേരത്തെ ഉണ്ടായിരുന്ന വൈദീകരിൽ മുക്കാൽ ഭാഗമെങ്കിലും സൂനഹദോസ് ബഹിഷ്കരിക്കുകയുണ്ടായി. എങ്കിലും ലത്തീൻ ഭരണത്തിലമർന്ന മാർ തോമാ നസ്രാണി സഭയുടെ പൌരസ്ത്യ തനിമ ക്രമേണ വളരെയേറെ ചോർന്നു പോകാൻ ഉദയംപേരൂർഡിക്രികൾ നിമിത്തമായി. സീറോമലബാർസഭ ഇന്നും അതിന്റെ മുദ്രപേറുന്നു.

## മറ്റൊരു വഴിത്തിരിവിനു പശ്ചാത്തലമൊരുങ്ങുന്നു

മിഷനറിമാരെ സംബന്ധിച്ചിടത്തോളം ഉദയംപേരൂർ സൂനഹദോസ് വലിയൊരു വിജയമായിരുന്നു. മാർ തോമാ നസ്രാണികൾക്കാകട്ടെ തങ്ങളുടെ സഭയ്ക്ക് ഏറ്റ കനത്ത ആഘാതവും. സൂനഹദോസിനെ തുടർന്ന് 1600 ഓഗസ്റ്റ് 4 നു ഇന്ത്യയിലെ പൌരാണികവും

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

പൌരസ്ത്യവുമായ ഈ സുറിയാനി സഭയുടെ മേൽ പോർച്ചുഗ്ഗീസ് പദ്രൊവാദോ അധികാരം ഏർപ്പെടുത്തി. അങ്ങനെ പോർച്ചുഗ്ഗീസ് മിഷനറിമാരുടെ ഒരു ചിരകാലാഭിലാഷം സാക്ഷാത്കരിക്കപെട്ടു. ഈശോ സഭാക്കരനായ ഫ്രാൻസിസ് റോസിനെ നസ്രാണികളുടെ പ്രഥമ ലത്തീൻ മെത്രാനായി നേരത്തെ തന്നെ നിയമിച്ചിരുന്നു. 1624 വരെ ഭരണം നടത്തിയ അദ്ദേഹത്തിൻറെ കാലത്ത് നസ്രാണി സഭയുടെ ലത്തീനീകരണത്തിന് അടിസ്ഥാനമിട്ടു. ഉദയംപേരൂർ ഡിക്രികളുടെ ചൈതന്യം ഉൾക്കൊണ്ട് റോസ് മെത്രാൻ 1600 ഇൽ തയാറാക്കിയ നിയമാവലി ലത്തീൻ ഭരണത്തിന് വഴികാട്ടിയായി

മെനേസിസ് മെത്രാപ്പോലീത്ത തന്നെ നസ്രാണികളുടെ കുർബാന ക്രമത്തിൽ 40 ൽ അധികം മാറ്റങ്ങൾ വരുത്തിയിരുന്നു. ബിഷപ്പ് റോസ് വീണ്ടും മാറ്റങ്ങൾ വരുത്തി എങ്കിലും പൌരസ്ത്യ സുറിയാനി കുർബാന ക്രമത്തിൻറെ അടിസ്ഥാന സ്വഭാവം നിലനിൽക്കുക തന്നെ ചെയ്തു. ഭാഗീകമായി ലത്തീനീകരിക്കപെട്ട ഈ കുർബാനക്രമം 1774 ൽ റോമിൽ പ്രസിദ്ധീകരിച്ചു അതാണ് 1962 വരെ സീറോമലബാർ സഭയിൽ നിലവിലിരുന്നത്.

## വലിയൊരു നഷ്ടം

ലത്തീൻ ഭരണത്തിൻറെ ആദ്യദശകം അവസാനിക്കുന്നതിനു മുൻപുതന്നെ ഭാരത നസ്രാണി സഭയ്ക്ക് വലിയൊരു നഷ്ടം കൈവന്നു. നസ്രാണി സഭയുടെ തലവന്റെ പദവി ഇന്ത്യ മുഴുവൻറെയും മേത്രപോലീത്തയും വാതിലും എന്നായിരുന്നല്ലോ. 1609 ലെ 'കും സീക്കുത്ത്'' (Cum Sicut)എന്ന പേപ്പൽ ഡിക്രി വഴി ഈ സഭയുടെ ഭൂവിസ്തൃതി പരിമിതപെടുത്തി. ഡിക്രിനടപ്പിലാക്കാൻ മെനേസിസ് മെത്രാപ്പോലീത്ത നിയോഗിക്കപ്പെട്ടു. 1610 ൽ അദ്ദേഹം ഇന്ത്യയെ ഗോവ, കൊച്ചി, കൊടുങ്ങല്ലൂർ, മൈലാപ്പൂർ എന്നീ നാലു പെദ്രോവാദോ രൂപതകളായി വിഭജിച്ചു. കൊച്ചി കൊടുങ്ങല്ലൂർ രൂപതകളിലായി ലത്തീൻകാരോടൊപ്പം മാർ തോമാ നസ്രാണികളെയും ഉൾപെടുത്തി. അങ്ങിനെ തനതായൊരു ശ്ലൈഹീകപാരമ്പര്യത്തിൽ ആരംഭം മുതൽ വളർന്നു വന്ന ഭാരതത്തിലെ പൗരസ്ത്യ സഭ ലത്തീൻ സഭയുടെ ഭാഗമെന്നപോലെ കരുതപ്പെട്ടു. സഭയുടെ അഖിലേന്ത്യാ പദവി ഇല്ലാതായി. പമ്പയ്ക്കും ഭാരതപുഴയ്ക്കുമിടയ്ക്കായി അത് പരിമിതപ്പെടുത്തപെട്ടു . ഇന്ത്യയുടെ ആകെ വിസ്തൃതിയുടെ ഏതാണ്ട് അര ശതമാനം മാത്രം വരുന്ന ഈ പ്രദേശത്തു മാത്രമേ സ്വന്തം റീത്ത് അനുസരിച്ച് ജീവിക്കാൻ നസ്രാണികൾക്ക് സാധിച്ചുള്ളൂ. ഭാരത പൗരസ്ത്യ സഭയുടെ അന്തരീകവും ബാഹ്യവുമായ വളർച്ചയ്ക്ക് തടസം സൃഷ്ടിച്ച നീതിരഹിതമായ ഈ സംവിധാനത്തിൻറെ അനന്തര ഫലങ്ങളിൽ നിന്നു ഇന്നും സീറോമലബാർ സഭയ്ക്ക് വിമോചനം ആയിട്ടില്ല. ഇന്ത്യയിൽ ചിതറി കഴിഞ്ഞിരുന്ന മാർ തോമാ നസ്രാണികൾക്ക് തങ്ങളുടെ മാതൃസഭയുടെ വ്യക്തിത്വത്തെ കുറിച്ചുള്ള അവബോധം ക്രമേണ വളരെ നഷ്ടപ്പെടാൻ ഈ സംവിധാനം കാരണമായി.

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

## ഫ്രാൻസിസ് റോസിൻറെ പിൻഗാമികൾ

1624 ൽ മരണമടഞ്ഞ റോസ് മെത്രാന്റെ പിൻഗാമികളായി ആദ്യം സ്റ്റീഫൻ ബ്രിട്ടോയും(1624-41) പിന്നീട് ഫ്രാൻസിസ് ഗാർസ്യയും(1634/41-1659) ഭരണം നടത്തി. ഇവർ മൂന്നു പേരുടെയും ഭരണകാലം അസ്വസ്ഥതകൾ നിറഞ്ഞതായിരുന്നു. തങ്ങൾക്കു ഏറ്റവും വിലപ്പെട്ട സുറിയാനിറീത്ത് തന്നെ അനുഷ്ഠിയ്ക്കുന്ന മെത്രാന്മാരുടെ നേതൃത്വത്തിൽ നിന്ന് തങ്ങളെ അകറ്റി ലത്തീൻ മെത്രാന്മാരുടെ ഭരണം ഏർപെടുത്തി എങ്കിലും, അവർ ലത്തീൻകാരാണ് എന്നതിന്റെ പേരിൽ മാർ തോമാ നസ്രാണികൾ അവരെ സ്വീകരിക്കതിരുന്നില്ല എന്നത് അവരുടെ മനോഭാവം വ്യക്തമാക്കുന്ന കാര്യമാണ്. ഫ്രാൻസിസിനെ അവർ സസന്തോഷം തങ്ങളുടെ മെത്രാനായി സ്വീകരിച്ചിരുന്നു. കാരണം സുറിയാനിയും മലയാളവും അറിയാമായിരുന്ന അദ്ദേഹം തങ്ങളുടെ റീത്തും പാരമ്പര്യങ്ങളും സംരക്ഷിക്കുമെന്നു നസ്രാണികൾ കരുതി. എന്നാൽ പിന്നീടു ആർച്ച് ഡീക്കൻ നിഷ്കാസിതനാവുന്ന അവസ്ഥ വരെ എത്തി. പാശ്ചാത്യ ഭരണ സംവിധാനത്തിനും സഭാ വിജ്ഞാനീയത്തിനും മാർ തോമാ നസ്രാണി സഭയുടെ പരമ്പരാഗതമായ ഭരണസംവിധാനത്തോടും സഭാവിജ്ഞാനീയത്തോടും പൊരുത്ത പെടാൻ സാധിച്ചില്ലെന്നതാണ് മുഖ്യ കാരണം.

റോസ് മെത്രാന്റെ നയത്തെ വിമർശിച്ചിരുന്ന സ്റ്റീഫൻ ബ്രിട്ടോ പിൻഗാമിയായി നിയമിക്കപെട്ടപ്പോൾ നസ്രാണികൾ അദ്ദേഹത്തെ ആഹ്ലാദത്തോടെ സ്വീകരിച്ചു. 3000 വിശ്വാസികളുടെ അകമ്പടിയോടെയാണ് ബ്രിട്ടോ മേത്രാപ്പോലീത്തായെ ആർച്ചു ഡീക്കൻ എതിരെറ്റത്. ലത്തീൻ റീത്തുകാരൻ എന്നതിന്റെ പേരിൽ പാശ്ചാത്യ മിഷനറിമാരേയോ മെത്രാന്മാരെയോ മാർ തോമാ നസ്രാണികൾ തിരസ്കരിചിരുന്നില്ല എന്നതിന് മറ്റൊരു തെളിവാണിത്.

എന്നാൽ സൌഹൃദവും സമാധാനവും അധികനാൾ നീണ്ടുനിന്നില്ല. അതിൻറെ മുഖ്യ കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. ധ്യാനത്തിലും ഏകാന്തതയിലും ജീവിക്കാൻ ആഗ്രഹമുള്ള വൈദീകർക്ക് വേണ്ടി പൌരസ്ത്യ സുറിയാനി സന്യാസത്തിൻറെ മാതൃകയിൽ രൂപം കൊണ്ട സന്യാസപ്രസ്ഥാനത്തെ ഇല്ലാതാക്കാൻ മെത്രാപ്പോലീത്ത ശ്രമിച്ചു.
2. ബ്രിട്ടോയ്ക്കു സുറിയാനി അറിയില്ല.
3. സഭയെ സംബന്ധിച്ച സുപ്രധാന കാര്യങ്ങളിൽ ആർച്ച് ഡീക്കനുമായി ആലോചിക്കുന്നില്ല.
4. ഡൊമിനിക്കൻസ് തുടങ്ങിയ മറ്റു സന്യാസികളെ മലബാറിൽ പ്രവർത്തിക്കാൻ അനുവദിക്കുന്നില്ല.

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

എല്ലാ സന്യാസസഭാക്കാരെയും മലബാറിൽ പ്രവേശിക്കാൻ അനുവദിക്കണം എന്നുള്ള എട്ടാം ഊർബൻ മാർപാപ്പയുടെ മഹറോന്ശിക്ഷയുടെ കീഴിലുള്ള കൽപ്പനപോലും തിരസ്കരിക്കപെട്ടു.

കർക്കശനും പാശ്ചാത്യരീതികൾ അപ്പാടെ നടപ്പാക്കാൻ ആഗ്രഹിച്ച ഗാർസ്യമെത്രാപ്പോലീത്തയുടെ കാലത്ത് രംഗം കൂടുതൽ വഷളായി. മെത്രാപ്പോലീത്തയുമായി രമ്യതയിലെത്താനുള്ള ആർച്ച് ഡീക്കൻറെ ശ്രമങ്ങളെല്ലാം പരാജയപെട്ടു. സ്ഥിതിഗതികൾ വിവരിച്ചുകൊണ്ട് അർച്ച് ഡീക്കൻ റോമിലേക്കും പൌരസ്ത്യ പാത്രിയാർക്കീസുമാർക്കും കത്തുകളെഴുതി. അലക്സാണ്ട്രിയായിലെ കോപ്റ്റിക് പാർത്രിയാർക്ക് മാത്രം പ്രതികരിച്ചു. സുറിയാനി റീത്തുകാരനും കത്തോലിക്കനുമായ മാർ അഹത്തള്ള മെത്രാപ്പോലീത്തായെ അദ്ദേഹം മലബാറിലേക്കയച്ചു.

## കൂനൻകുരിശുസത്യം.

മൈലാപ്പൂരിൽ എത്തിയ മാർ അഹത്തള്ളയെ പോർച്ചുഗീസ് കസ്റ്റഡിയിൽ നിന്നും മോചിപ്പിച്ച് മലബാറിൽ എത്തിക്കാൻ നടത്തിയ ശ്രമങ്ങളെല്ലാം ഗാർസ്യ മെത്രാപ്പോലീത്തായുടെ എതിർപ്പുമൂലം പരാജയപ്പെട്ടു. മാർപ്പാപ്പ തന്നെയാണ് അഹതള്ളയെ അയച്ചിരിക്കുന്നതെങ്കിൽ പോലും പോർച്ചുഗീസ് രാജാവിൻറെ സമ്മതപത്രം ഇല്ലാത്തതിനാൽ അദ്ദേഹത്തെ വിട്ടു തരാൻ സാധിക്കില്ല എന്നുള്ള നിലപാടാണ് ഗാർസ്യ സ്വീകരിച്ചത്.

നിരാശരായ മാർത്തോമ നസ്രാണികൾ കൊച്ചിക്കടുത്ത് മട്ടാഞ്ചേരിയിലെ മാതാവിന്റെ നാമത്തിലുള്ള പള്ളിയിൽ സമ്മേളിച്ചു ഒരു പ്രതിജ്ഞനടത്തി. 1653 ജനുവരി 03 ന നടന്ന ഈ പ്രതിജ്ഞയാണ് ചരിത്രപ്രസിദ്ധമായ കൂനൻകുരിശുസത്യം. പ്രതിജ്ഞയുടെ ഒരു വിവരണം താഴെ ചേർക്കുന്നു.

> ‘‘ഞങ്ങളുടെ മനോവികാരങ്ങൾ ആഴത്തിൽ വ്രണപ്പെട്ടതിനാൽ ഞങ്ങൾ അവിടെയുള്ള ദേവാലയത്തിൽ സമ്മേളിച്ചു. അവിടെ പ്രധാന അൾത്താരയുടെ മുൻപിൽ സുവിശേഷ ഗ്രന്ഥത്തിലും ക്രൂശിത രൂപത്തിന്റെ ചിത്രത്തിലും തൊട്ടുകൊണ്ട് ഞങ്ങൾ പ്രതിജ്ഞ ചെയ്തു. ബലാൽക്കാരമായി പാർത്രിയാർക്കീസിനെ പുറംതള്ളുന്നതുവഴിയും, അദ്ദേഹത്തിന്റെ വരവിനു മുൻപുള്ള മറ്റു പല സംഗതികളാലും ഞങ്ങളെ വേദനിപ്പിച്ച ദ്രോഹങ്ങൾക്കും അതിക്രമങ്ങൾക്കും അവർ പരിഹാരം ചെയ്യുന്നത് വരെ ഫ്രാൻസിസ് ഗാർസ്യയോ ഈശോ സഭയിൽ നിന്നും മറ്റാരെയെങ്കിലുമോ അജപാലനത്തിനായി ഞങ്ങൾ അംഗീകരിക്കില്ലെന്നും, ഈ സഭയിൽ നിന്നുമുള്ള വൈദീകരെ മലബാറിലോ ഞങ്ങളുടെ ദൈവാലയങ്ങളിലോ പ്രവേശിക്കാൻ മേലിൽ അനുവദിക്കയില്ലെന്നും .’’

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

തുടർന്ന് മെയ് 22 ന് ആലങ്ങാട്ട് വച്ച് ആർച്ച് ഡീക്കൻ തോമ്മസിനെ 12 വൈദീകർ ചേർന്ന് 'അഭിഷേകം'ചെയ്തു. ഈ നടപടിക്ക നിയമ സാധുത ഇല്ലയിരുന്നുവെങ്കിലും ,മാർ അഹത്തള്ള ഇതിനു അധികാരം നൽകിയിട്ടുണ്ട് എന്നുള്ള വിശ്വാസത്തിലാണ് നസ്രാണികൾ ഇത് ചെയ്തത്. പിന്നീട്ട ആഞ്ഞിലിമൂട്ടിൽ ഇട്ടിതോമ്മൻ എന്ന കത്തനാരുടെ ഒരു വ്യാജകത്താണ് ഇതിനുപിന്നിൽ എന്ന് മനസിലാക്കിയ വിശ്വാസികൾ ഒരു ന്യൂനപക്ഷം ഒഴിച്ച് എല്ലാവരും ആർച് ഡീക്കന്റെ ചേരിയിൽനിന്നു അകന്നു. ഏതായാലും നസ്രാണി സഭയിൽ വിള്ളലുണ്ടാക്കിയ നടപടിയായിരുന്നു ഈ സംഭവം.

കൂനൻ കുരിശു സത്യം മാർപാപ്പയുടെ അധികാരത്തെ ധിക്കരിച്ച ഒരു ശീശ്മയായിരുന്നു എന്നുള്ള ആരോപണം ഒട്ടുംതന്നെ ശരിയല്ലെന്നു കാണാവുന്നതാണ്.13 വൈദീകരും 31 അൽമായരും ചേർന്ന് കൊച്ചിയിലെ ക്യാപ്റ്റന് എഴുതിയ കത്ത് ഇതിനു തെളിവാണ്. അതിലെ പ്രസക്ത ഭാഗം താഴെ ചേർക്കുന്നു.

> ''ഞങ്ങൾ സമ്മേളനങ്ങൾ നടത്തുകയും മാർപാപ്പായുടെയും പരിശുദ്ധ റോമാസഭാമാതാവിന്റെയും കല്പനയെ അനുസരിക്കത്തയാൾ ഞങ്ങളുടെ മെത്രാൻ അല്ലെന്നു തിരുമാനിക്കുകയും ചെയ്തു... ഞങ്ങളുടെയും റോമസഭയുടെയും ശത്രുക്കളായ ഈശോസഭാ വൈദീകരുമായി ഞങ്ങൾക്ക് യാതൊരു സൌഹൃദവും ഉണ്ടാവുകയില്ല... മാർപ്പാപ്പയുടെയും റോമൻസഭയുടെയും അധികാരത്തിൽ ഇവിടെയെത്തിയ പാർത്രിയാർക്കീസിന്റെ കല്പനയനുസരിച്ച ഞങ്ങൾ ഒരു മെത്രാപ്പോലീത്തയെ വാഴിക്കുകയുണ്ടായി. പാർത്രിയാർക്കീസിനെ സന്നിഹിതനാക്കുവാൻ സാധിക്കയില്ലെങ്കിൽ... മറ്റ നാല് സന്യാസസഭകളിൽ പെട്ട ആരെങ്കിലും മാർപാപ്പയുടെ കല്പന പ്രകാരം വരട്ടെ; അദ്ദേഹം സുറിയാനി ആറിയാവുന്ന ആളും ആരാധനാ കാര്യങ്ങളിൽ ഞങ്ങളെ പഠിപ്പിക്കാനും സഹായിക്കാനും കഴിയുന്ന ആളായിരിക്കണം.. പരി.റോമാസഭയുടെ അനുസരണയുള്ള മക്കളെ പോലെയാണ് ഞങ്ങൾ എന്നും ജീവിച്ചിട്ടുള്ളത്. അപ്രകാരംതന്നെ ജീവിക്കാൻ ഞങ്ങൾ വളരെയധികം ആഗ്രഹിക്കുന്നു.''

".........ബാഹ്യതലത്തിലെങ്കിലും മാർ തോമാ നസ്രാണികൾ ഒരിക്കൽപോലും മാർപാപ്പായോടുള്ള അനുസരണം നിഷേധിച്ചിട്ടില്ലെന്നു എനിക്കറിയാം" എന്ന് ഗാർസ്യ മെത്രാപ്പോലീത്തതന്നെയും സാക്ഷ്യപെടുത്തുന്നു.

തങ്ങളുടെ മെത്രാപ്പോലീത്ത സുറിയാനി രീതിയിൽ തങ്ങളെ പരിശീലിപ്പിക്കാൻ കഴിവുള്ള ആളായിരിക്കണം എന്നകാര്യത്തിൽ മാർ തോമാ നസ്രാണികൾക്ക് നിർബന്ധം ഉണ്ടായിരുന്നു. തങ്ങളെ ആര് ഭരിക്കുന്നു എന്നതിലോ, തങ്ങൾക്കു ഭരണാധികാരം

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

ലഭിക്കണമെന്നുള്ളതിലോ ആയിരുന്നില്ല, തങ്ങളുടെ സുറിയാനി റീത്ത് സംരക്ഷിക്കപ്പെടണം എന്നതിലായിരുന്നു നസ്രാണികളുടെ മുഖ്യശ്രദ്ധ എന്നത് സംശയരഹിതമാണ്.

## ഭിന്നിക്കപെട്ട മാർത്തോമനസ്രാണിസഭ വിചിത്രമായൊരു പരിഹാരനിർദേശം

സഭയിലെ സംഭവവികാസങ്ങൾ ആർച്ച് ഡീക്കനും മറ്റും റോമിനെ അറിയച്ചു. നിഷ്പാദുകകർമ്മലീത്ത സന്യാസികളോടുള്ള പ്രത്യേക താൽപര്യവും അറിയിച്ചു. മലബാർ സഭയുടെ കാര്യത്തിൽ നേരിട്ട് ഇടപെടാൻ പ്രോപ്പഗാന്താ തിരുസംഘത്തിന് ഇത് വഴിയൊരുക്കി.

സ്ഥിതിഗതികൾ പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ അയയ്ക്കപെട്ട ഒരു കമ്മീഷൻറെ തലവൻ ജോസഫ് സെബസ്ത്യാനി എന്ന കർമ്മലീത്ത സന്യാസിയായിരുന്നു. റിപ്പോർട്ടിൽ ചില നിർദേശങ്ങൾ വച്ചു.

1.മലബാറിലേക്ക് ഒരു പുതിയ മെത്രാനെ നിയമിക്കണം.

2.പുതിയ മെത്രാൻ സുറിയാനി റീത്ത് മാറ്റി തന്ത്രപൂർവ്വം ലത്തീൻ റീത്ത് നടപ്പിൽ വരുത്തണം.

ഇതിനു ഒരു പ്രായോഗികമാർഗ്ഗമായി അദ്ദേഹം നിർദേശിച്ചത് വൈദീകപരിശീലനത്തിൽ ലത്തീൻ ഭാഷ പഠിപ്പിക്കുകയും അത് പ്രോത്സാഹിപ്പിക്കാൻ ഈ ഭാഷ പഠിക്കുന്നവർക്ക് ഒരു വർഷം നേരത്തെ പട്ടം കൊടുക്കുകയും ചെയ്യുക എന്നതായിരുന്നു.

തിരുസഭ അംഗീകരിച്ചിരിക്കുന്ന ഒരു റീത്തിൽനിന്ന് ജനങ്ങളെ അകറ്റുന്നത് ശരിയല്ലെന്നു പ്രോപ്പഗാന്ത തിരുസംഘം പ്രസ്താവിച്ചെങ്കിലും മലബാർസഭയുടെ കാര്യത്തിൽ സെബസ്ത്യാനിയുടെ നിർദേശം പ്രോപ്പഗാന്ത സ്വീകരിക്കുകയും നിയമിക്കപ്പെട്ട മെത്രാനുള്ള പ്രബോധനത്തിൽ അത് ഉൾപെടുത്തുകയും ചെയ്തു(APF, SOCG233, 11:29-36). മലബാർ സഭയെ പൂർണമായും ലത്തീനീകരിക്കാൻ ഉപദേശിച്ച സെബസ്ത്യാനിയെത്തന്നെ പ്രോപ്പഗാന്ത തിരുസംഘം വികാരി അപ്പസ്തോലിക്കയായി കേരളത്തിലേക്കയച്ചു. പുതിയ മെത്രാന് നൽകാൻ സെബാസ്ത്യാനി തന്നെ തയാറാക്കിയ പ്രബോധനം തിരുസ്സംഘം അംഗീകരിച്ചു സെബസ്ത്യാനിയെ ഏൽപ്പിച്ചു.

പൈതൃകം സംരക്ഷിക്കപ്പെടാതിരുന്നതും ലത്തീനീകരണവുമായിരുന്നു മലബാർ സഭയിലെ പ്രശ്നങ്ങളുടെ കാതൽ. അതിനു നിർദേശിച്ച പരിഹാരമാകട്ടെ, നസ്രാണിപൈതൃകത്തിൻറെ കാതലായ സുറിയാനിറീത്ത് പൂർണമായും മാറ്റി തൽസ്ഥാനത് ലത്തീൻ റീത്ത് സ്ഥാപിക്കുക

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

എന്നതും. മാർത്തോമാ നസ്രാണികളെ സംബന്ധിച്ചിടത്തോളം രോഗകാരണമായ വസ്തുതത്തന്നെ ഔഷധമായി സ്വീകരിക്കാൻ വിധിക്കപ്പെട്ടു .

ഇന്ത്യയിലെ പൗരാണികമായ ഈ പൗരസ്ത്യസഭയുടെ ലത്തീനീകരണത്തെ പ്രോത്സാഹിപ്പിച്ച പ്രൊപ്പഗാന്താ തിരുസ്സംഘത്തിന്റെ ഈ നടപടി, ഉദയമ്പേരൂർ സൂനഹദോസിന്റെ ലത്തീനീകരണ യത്നങ്ങളോടു ചേർന്നുപോകുന്നതായി എന്ന് തിരുസ്സംഘംതന്നെ പിന്നീട് ഏറ്റുപറയുകയുണ്ടായി. 1865 ഫെബ്രുവരിയിൽ തിരുസ്സംഘം തയ്യാറാക്കിയ ഒരു റിപ്പോർട്ടിൽ ഈ ഏറ്റുപറച്ചില് ഇപ്രകാരം രേഖപ്പെടുത്തിയിരിയ്ക്കുന്നു.

സുറിയാനി റീത്തിനു പകരം ലത്തീന് റീത്തു സ്ഥപിയ്ക്കുന്ന കാര്യത്തിൽ, ഉദയമ്പേരൂർ സൂനഹദോസ് പരിശുദ്ധ സിംഹാസനത്തിന്റെ താത്പര്യത്തിൽ നിന്നും ബോധനത്തിൽ നിന്നും അകലെയല്ലായിരുന്നു. മോൺ ജൊസഫ് സെബസ്ത്യാനിയ്ക്കു നല്കിയ ബോധനത്തിലൂടെ അത് സ്ഥിരീകരിക്കപ്പെടുകയും ചെയ്തു.

## നസ്രാണികൾ ഭിന്നിക്കപ്പെടുന്നു

1661 മേയ് 14-ൽ സെബസ്ത്യാനി കൊച്ചിയിലെത്തി വികാരി അപ്പസ്തോലിക്കയായി അധികാരമേറ്റതോടെ, പദ്രാവാദൊയ്ക്കു പുറമെ പ്രൊപ്പഗാന്താ ഭരണത്തിനും നസ്രാണികൾ വിധേയരായി. അങ്ങനെ രണ്ടു ഭരണാധികാരത്തിൻ കീഴിൽ നസ്രാണികൾ ഭിന്നിക്കപ്പെട്ടു. 1663 ആയപ്പോഴേയ്ക്കും ഇവിടുത്തെ രാഷ്ട്രീയ ഭരണതലത്തിലും മാറ്റമുണ്ടായി പോര്ച്ചുഗീസ് ആധിപത്യം അവസാനിപ്പിച്ച് ഡച്ചുകാർ ഭരണാധികാരികളായി പുതിയ സംവിധാനത്തിൽ സെബസ്ത്യാനി തിരിച്ചു പോകാൻ നിർബന്ധിതനായി ഈ സാഹചര്യത്തിൽ, കുറവിലങ്ങാട്ട് ഇടവകക്കാരനും അവിടുത്തെ വികാരിയുമായിരുന്ന പറമ്പിൽ ചാണ്ടിക്കത്തനാരെ വികാരി അപ്പസ്തോലിക്കയായി സെബസ്ത്യാനി വാഴിച്ചു. അങ്ങനെ സ്വന്തം ജാതിയിലും റീത്തിലും പെട്ട ഒരു മെത്രാനെ ലഭിക്കാൻ മാർ തോമാ നസ്രാണികൾക്ക് ഭാഗ്യമുണ്ടായി. കൂനന് കുരിശു സത്യത്തിനുശേഷം നിയമവിരുദ്ധമായി മെത്രാഭിഷിക്തനായ അർക്കദിയാക്കോൻ തോമായും അദ്ദേഹത്തിന്റെ മുഖ്യസഹായിയുമായിരുന്ന ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരും മഹറോൻ ശിക്ഷയിലായി മാർ തോമാ എന്നു വിളിക്കപ്പെട്ട അർക്കദിയാക്കോൻ തോമായുടെ ചേരിയിൽ ഒരു ന്യൂനപക്ഷം അണിനിരന്നു. അദ്ദേഹം അന്ത്യോക്യായിലെ യാക്കോബായ

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

പാത്രിയർക്കീസുമായി ബന്ധപ്പെട്ടതിന്റെ ഫലമായി, 1665-ല് മാർ ഗ്രിഗോരിയോസ് എന്നൊരു യാക്കോബായ മെത്രാപ്പോലീത്ത ഇവിടെ എത്തി. നസ്രാണികളിൽ ഒരു വിഭാഗം പിന്നീട് യാക്കോബായക്കാരായിത്തീർന്ന സംഭവത്തിനു അങ്ങനെ പാതയൊരുങ്ങി. ശ്ലൈഹികകാലം മുതൽ ഭാരതസഭയിൽ നിലവിലിരുന്ന ഐക്യത്തിനും കൂട്ടായ്മയ്ക്കും ഇതൊരു കനത്ത ആഘാതമായി.

## നാട്ടുകാർക്ക് അയോഗ്യത

ചാണ്ടിമെത്രാന്റെ ഭരണത്തിൽ മാർ തോമാ നസ്രാണികൾ പൊതുവെ സംതൃപ്തരായിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമികളായി നാട്ടുകാർ തന്നെ നിയമിക്കപ്പെട്ടിരുന്നെങ്കിൽ, മലബാർ സഭയിലെ ഭിന്നത ഒരുപക്ഷേ അവസാനിയ്ക്കുമായിരുന്നു. എന്നാൽ സംഭവിച്ചത് അങ്ങനെയല്ല. പിൻഗാമിയെ കണ്ടെത്താൻ നിയുക്തമായ കർമലീത്താ കമ്മീഷൻ, മാർപ്പാപ്പയുടെതന്നെ താത്പര്യത്തിനും നിർദ്ദേശങ്ങൾക്കും വിരുദ്ധമായി ഇന്ത്യയിൽ ജനിച്ച റഫായേൽ ഫിഗരേദോ എന്ന പോർച്ചുഗീസുകാരനെയാണ് തിരഞ്ഞെടുത്തത്. ക്ലെമന്റ് പത്താമൻ മാർപ്പാപ്പാ 1675-ല് തിരുവെഴുത്തുവഴി ആവശ്യപ്പെട്ടിരുന്നതാകട്ടെ, അർക്കദിയാക്കോനെയോ മുട്ടം പള്ളിവികാരിയെയോ മലബാറുകാരനായ മറ്റേതെങ്കിലും വൈദികനെയോ തിരഞ്ഞെടുയ്ക്കുവാനാണ്. ഒരു യൂറോപ്യൻ ആയിരിക്കരുതെന്ന് പ്രത്യേകം നിഷ് കർഷിച്ചിരുന്നു.

സെബസ്ത്യാനിയുടെയും മറ്റും സ്വാധീനം മൂലമാണ് ഒരു മലബാറുകാരൻ തിരഞ്ഞെടുക്കപ്പെടാതിരുന്നതെന്നു കമ്മീഷനിലെ ഒരംഗമായിരുന്ന ബർത്തലോമ്യോ എന്ന കർമലീത്താ സന്ന്യാസി 1677 ജനുവരി 19-നു എഴുതിയ ഒരു കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിപ്രകാരമാണ്.

*ബിഷപ്പ് സെബസ്ത്യാനി കത്തിലൂടെയും ഫാ വിൻസെന്റ് മേരി നേരിട്ടും തനിയ്ക്കു ധാരാളം ഉപദേശങ്ങൾ നല്കി. മാർ തോമാ നസ്രാണികൾക്കു മലബാറുകാരനായ ഒരു മെത്രാനെ നല്കുന്നത് ഏറ്റം അപകടകരമായിരിയ്ക്കുമെന്ന് അവർ ആവർത്തിച്ച് അനുസ്മരിപ്പിച്ചു...*

അധികാരത്തിൽ തുടരുവാനുള്ള മിഷനറിമാരുടെ ആഗ്രഹമാണ് ഇതിന്റെ പിന്നിലുണ്ടായിരുന്നതെന്ന് വ്യക്തം.

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

## കർമലീത്താക്കാരുടെ തിരിച്ചുവരവ്

ഡച്ചുകാരുടെ നിരോധനം മൂലം മലബാറിൽ അധികാരത്തിൽ തുടരാൻ സാധിക്കതെവന്ന കർമലീത്താക്കാരുടെ തിരിച്ചുവരവിനായുള്ള ശ്രമങ്ങൾ പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സഫലമായി. 1698-ൽ ഡച്ചു ഗവണ്മെന്റുമായി നടന്ന ഉടമ്പടിപ്രകാരം ചില വ്യസ്ഥകൾക്കു വിധേയമായി കർമലീത്താക്കാർ വീണ്ടും മലബാറിലെത്തി. ആഞ്ചലൂസ് ഫ്രാൻസീസ് എന്ന കർമലീത്താ വൈദികൻ 1701 മുതൽ വികാരി അപ്പസ്തോലിക്കയായി ഭരണം തുടങ്ങി.

1659-ൽ ഗാർസ്യാ മെത്രാപോലീത്ത മരണമടഞ്ഞതിനുശേഷം പദ്രാവാദോ അധികാരത്തിൽപ്പെട്ട മെത്ത്രാപ്പോലീത്താമാർക്കും കേരളത്തിലെത്തി ഭരണം നടത്താൻ കഴിഞ്ഞിരുന്നില്ല. പ്രാപ്പഗാന്തായുടെ കീഴിൽ കർമലീത്താക്കാർ വീണ്ടും മലബാറിൽ അധികാരത്തിൽ വന്നത് പദ്രാവാദോയുടെ കീഴിൽ ഭരണം നടത്തിയിരുന്ന ഈശോ സഭക്കാരിൽ അസ്ഥത ജനിപ്പിച്ചു. മലബാറിൽ തങ്ങളുടെ മെത്രാപോലീത്താമാരുടെ അസാന്നിധ്യം മൂലം ഭരണാധികാരാത്തിൽനിന്നു തിരസ്കൃതമാകാതിരിക്കാൻ പോർച്ചുഗീസ് പദ്രാവാദോ അധികാരികൾ ജോണ് റിബയിരോ എന്ന ഈശോ സഭാവൈദികനെ കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്തായായി നിയമിച്ചയച്ചു. അങ്ങനെ 1704 മുതൽ പദ്രവാദോ ഭരണവും പുനരാരംഭിച്ചു.

ഈ സ്ഥിതിവിശേഷം ഭരണരംഗത്ത് കിടമത്സരങ്ങൾയ്ക്കു കളമൊരുക്കി. പദ്രാവാദോ പ്രാപ്പഗാന്താ അധികാരികൾ തമ്മിലുള്ള മത്സരം പ്രയോഗത്തിൽ രണ്ടു സന്യാസ സമൂഹങ്ങൾ തമ്മിലുള്ള മത്സരമായി - ഈശോസഭക്കാരും കർമലീത്താക്കാരും തമ്മിൽ. നസ്രാണി സഭക്ക് പതിനെട്ടാം നൂറ്റാണ്ടിന്റെ പൂർവാർധം മുഴുവൻ ഈ അധികാരമത്സരത്തിന്റെ കനത്ത ആഘാതം ഏൽക്കേണ്ടി വന്നു.

## നസ്രാണികൾ വലിയൊരാകർഷണം

നസ്രാണികളെ മുഴുവൻ തങ്ങളുടെ അധികാരത്തിൻ കീഴിലാക്കാൻ ഈശോസഭക്കാരും കർമ്മലീത്താക്കാരും പരസ്പരം മത്സരിച്ചിരുന്നതായി കാണുന്നു. മലബാർ സഭയിൽ കൂനൻ കുരിശു സത്യത്തെ തുടർന്നുണ്ടായ പ്രത്യേക സാഹചര്യത്തിൽ, പ്രശ്നങ്ങൾ പരിഹരിക്കാനും അവ പരിഹരിയ്ക്കുന്നതുവരെ ആവശ്യമുള്ള സ്ഥലങ്ങളിൽ ഭരണാധികാരം നിർവഹിക്കനുമായിരുന്നു പ്രാപ്പഗാന്താതിരുസ്സംഘം വികാരി അപ്പസ് തോലിക്കാമാരെ നിയമിച്ചത്. എന്നാൽ അധികാരത്തിൽ വന്ന കർമ്മലീത്താക്കാർ



www.malankaralibrary.com

എങ്ങനെയും അതു നഷ്ടപ്പെടാതിരിക്കാനാണ് ശ്രമിച്ചത്. പീറ്റർ പോൾ എന്ന കർമലീത്താ വൈദികൻ തന്റെ ഒരു റിപ്പോട്ടിൽ ഇക്കാര്യം തുറന്നു പറയുന്നുണ്ട്. ഏഷ്യയിലും ആഫ്രിക്കയിലും അമേരിക്കയിലും യൂറോപ്പിൽത്തന്നെയുമുള്ള സഭയുടെ മിഷൻ രംഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് മലബാർ മിഷൻ. ശരിയായി പരിരക്ഷിച്ചാൽ ഇത് മറ്റുള്ളവയേക്കാൾ ഫലദായകമായിരിക്കും. അതിനാൽ ഈ മിഷൻ ഉപേക്ഷിക്കരുതെന്ന് അദ്ദേഹം പ്രാപ്പഗാന്താ തിരുസ്സംഘത്തെ ഉപദേശിക്കുകയുണ്ടായി. സഭയുടെ ആരംഭം മുതൽ ഇവിടെയുണ്ടായിരുന്ന മാർ തോമാ നസ്രാണികളുടെ സാന്നിധ്യമാണ് മലബാർ മിഷനോട് വലിയ താത്പര്യം പ്രകടിപ്പിക്കാൻ കാരണമെന്ന് കാൽനൂറ്റാണ്ട് ഇവിടെ മിഷനറിയയിരുന്ന കന്തീദൂസ് എന്ന കർമലീത്താ സന്ന്യാസി (1870-1895) എഴുതുകയുണ്ടായി.

പൗരാണികവും കുലീനവുമായ ഒരു ക്രൈസ്തവസമൂഹത്തെ തങ്ങളുടെ മിഷൻ വേലയുടെ നേട്ടമായി അവതരിപ്പിച്ച് സംതൃപ്തിയടയാൻ മിഷനറിമാർ ആഗ്രഹിച്ചത് സ്വാഭാവികം തന്നെ. എന്നാൽ, അവരുടെ താത്പര്യങ്ങൾ മാർ തോമാ നസ്രാണികളുടെ ന്യായമായ അവകാശങ്ങൾക്കും താത്പര്യങ്ങൾക്കും വിരുദ്ധമായപ്പോൾ സംഘർഷമുണ്ടായി. അതു പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ പലതും കൂടുതൽ കുഴപ്പങ്ങൾ സൃഷ്ടിച്ചു. നസ്രാണി സഭയിൽ ഭിന്നതയുമുണ്ടാക്കി. നസ്രാണികളുടെ അനിഷേധ്യനേതാവായിരുന്ന അർക്കദിയാക്കോന്റെ പദവി 1706-ൽ നിർത്തലാക്കപ്പെട്ടതോടെ നസ്രാണി സമൂഹം കൂടുതൽ ബലഹീനമായി. ചൂഷണങ്ങളാലും ഭിന്നിപ്പുകളാലും സഭാപരമായ അറിവിന്റെയും പരിശീലനത്തിന്റെയും അഭാവത്താലും വേദനിപ്പിക്കുന്ന അധഃപതനത്തെ നേരിടേണ്ടി വന്ന നസ്രാണിസമുദായത്തെയാണ് 18ആം നൂറ്റാണ്ടിൽ നമ്മൾ കണ്ടുമുട്ടുക.

## നസ്രാണിസഭ തകർച്ചയുടെ വക്കിൽ

### ഭിന്നചേരികൾ

വിശ്വാസികളെ ഭിന്നചേരികളിലാക്കിയ സാഹചര്യങ്ങളാണ് നസ്രാണിസഭയുടെ ശക്തി ചോർത്തുകയും കൂട്ടായ്മ നശിപ്പിക്കുകയും ചെയ്ത മുഖ്യഘടകം. ഒരേ സമൂഹത്തിന്റെമേൽ ഒരേ സമയം രണ്ടു ഭരണാധികാരങ്ങൾ ഏർപ്പെടുത്തിയ സംഭവം - അതായത് പദ്രവാദോ പ്രാപ്പഗാന്താ അധികാരങ്ങൾ - നസ്രാണിസഭയെ രണ്ടാക്കിയ കാര്യം മുകളിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. വിശ്വാസികളിലും വൈദികരിലും അത് ചേരിതിരിവുണ്ടാക്കി. ഒരിടവകയിൽത്തന്നെ ഇതു ഭിന്നത സൃഷ്ടിച്ചു. കൂനൻ കുരിശുസത്യത്തെ

തുടർന്ന് യാക്കോബായ ബന്ധം പുലർത്തിയിരുന്ന ന്യൂനപക്ഷം മൂന്നാമതൊരു ചേരിയായി സംഘർഷങ്ങൾക്കും മാത്സര്യങ്ങൾക്കും ഇടം നൽകി. ഈ ഭിന്നതകളും നസ്രാണികൾക്ക് സുറിയാനി റീത്തിനൊടും സുറിയാനിമെത്രാന്മാരോടുമുള്ള സ്വഭാവികമായ താത്പര്യവും മുതലെടുത്ത് അധികാരം സ്ഥാപിക്കാൻ ചില സുറിയാനി മെത്രാന്മാർ അനധികൃതമായി മലബാറിൽ എത്തിയതും കുഴപ്പങ്ങൾ വർധിപ്പിച്ചു. 1708 മുതൽ 1731 വരെ കേരളത്തിൽ താമസിച്ച് 20-നും 30-നും ഇടയിൽ ഇടവകകളുടെമേൽ ആധിപത്യം പുലർത്തിയ മാർ ഗബ്രിയേൽ എന്ന സുറിയാനിമെത്രാൻ അക്കൂട്ടത്തിൽപ്പെടുന്നു.

## പദ്രവാദോ – പ്രൊപ്പഗാന്താ സംഘർഷം

അധികാരത്തെ ചൊല്ലി പദ്രവാദോയുടെ കൊടുങ്ങല്ലൂർ മെത്രാപ്പൊലീത്തായും ഈശോസഭക്കരായ അദ്ദേഹത്തിന്റെ മിഷനറിമാരും ഒരു വശത്തും പ്രൊപ്പഗാന്തായുടെ വരാപ്പുഴ വികാരി അപ്പസ്തോലിക്കയും അദ്ദേഹത്തിന്റെ കർമലീത്താ വൈദികരും മറുവശത്തുമായി നടത്തിയ പരസ്പര കുറ്റാരോപണങ്ങളും അവർ മേലധികാരികൾക്കയച്ച പരാതികളും ഈ കാലഘട്ടത്തിലെ ചരിത്രരേഖകളിൽ സുലഭമാണ്. അവയുടെ വെളിച്ചത്തിൽ ഇരുകൂട്ടരുടെയും വാദഗതികൾ സംക്ഷിപ്തമായി താഴെ ചേർക്കുന്നു.

**പദ്രവാദോ അധികാരികളുടെ ആക്ഷേപങ്ങൾ:**

1. നസ്രാണികൾ തങ്ങളെ അനുസരിക്കാതിരിക്കാൻ വികാരി അപ്പസ്തോലിക്കായും മിഷനറിമാരും അവരെ പ്രേരിപ്പിക്കുന്നു.
2. മെത്രാപ്പോലീത്തായിൽ നിയമാനുസൃത അധികാരമില്ലെന്ന് കർമലീത്താക്കാർ പ്രചരിപ്പിക്കുന്നു.
3. ഡച്ചുകാരെ മെത്രാപ്പോലീത്തായ്ക്കെതിരായി തിരിച്ചുവിടുന്നു.
4. മെത്രാപ്പോലീത്തായുടെ ശിക്ഷയിൽനിന്ന് ഒഴിവാകാൻ റിബലുകളെ സഹായിച്ചുകൊണ്ടു വികാരി അപ്പസ്തോലിക്കാ അവരെ ആകർഷിക്കുന്നു.
5. വികാരി അപ്പസ്തോലിക്കായുടെ കീഴിലുള്ള ഇടവകകളിൽ കടുത്ത അജ്ഞതയാണ് കൊടികുത്തി വാഴുന്നത് യാതൊരു വിശ്വാസപരിശീലനവും നടക്കുന്നില്ല.
6. അവർ ഭരിക്കുന്നില്ല, ഭരിക്കാൻ അനുവദിക്കുന്നുമില്ല. വിശ്വാസികളെ പഠിപ്പിക്കുന്നില്ല, പഠിപ്പിക്കാൻ അനുവദിക്കുന്നുമില്ല. പ്രബോധനത്തിനു പകരം അനൈക്യത്തിന്റെയും അനുസരണമില്ലായ്മയുടെയും മാതൃകയാണ് നൽകുന്നത്.

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

**വികാരി അപ്പസ്തോലിക്കയുടെയും മറ്റും ആക്ഷേപങ്ങൾ:**

1. പദ്രവാദോ അധികാരികൾ മൂലം സഭയിൽ ക്രമരാഹിത്യവും കുഴപ്പങ്ങളും ഉണ്ടായിരിക്കുന്നു, അവർ പരി സിംഹാസനത്തെപ്പോലും ചോദ്യം ചെയ്യുന്നു.
2. തന്ത്രങ്ങളും പണവുംവഴി അവർ നസ്രാണികളെ തങ്ങളുടെ ഗ്രൂപ്പിൽ ചേർക്കുന്നു.
3. സഭാധികാരത്തെക്കാൾ രാജാവിനെയാണ് വിലമതിക്കുന്നത്.

അധികാരികളുടെ ഇടയിലെ അനൈക്യവും പരസ്പര കുറ്റാരോപണങ്ങളും വിശ്വാസികൾക്ക് വലിയ ഇടർച്ച നൽകി. "തലകൾക്കിടയിൽ അനൈക്യമുണ്ടെങ്കിൽ അംഗങ്ങളുടെയിടയിൽ അതുണ്ടായിരിക്കുക എന്നത് വലിയൊരു കാര്യമല്ല' എന്ന മനോഭാവമാണ് വിശ്വാസികൾ പുലർത്തിയത്. പരസ്പരം കുറ്റാരോപണം നടത്തുമ്പോഴും ഒരു കാര്യത്തിൽ ഇരുകൂട്ടരും യോജിക്കുന്നുണ്ട്. അതായത്, നസ്രാണിസഭകളുടെ നാശത്തിനിടയാക്കുന്നത് ഒരേസമയം ഒന്നിലധികം അജപാലകർ അവളുടെമേൽ ഭരണം നടത്തുകമൂലമാണെന്ന്. അജപാലകലുടെ ബാഹുല്യം നസ്രാണികളുടെയിടയിൽ ഭിന്നത വളർത്തുകയും ഭൗതികാധികാരികൾക്കും മറ്റുള്ളവർക്കും ചൂഷണം ചെയ്യാൻ അവസരം സൃഷ്ടിക്കയും ചെയ്തു.

എങ്ങനെയും സമാധാനം സ്ഥാപിക്കാൻ പ്രാപ്പഗാന്താതിരുസംഘം ഇടപെട്ടു. ശക്തമായ മുന്നറിയിപ്പുകളും ഉറച്ച തീരുമാനങ്ങളും ഇരുകൂട്ടരെയും അറിയിച്ചു. ഏതായാലും കുറേക്കാലത്തേക്ക് സംഘർഷം രൂക്ഷമായിരുന്നു. നസ്രാണികളുടെ സഭാജീവിതത്തെയും അവരുടെയിടയിൽ അജപാലനശുശ്രൂഷയെയും ഇത് സാരമായി ബാധിച്ചു. മാർ തോമാ നസ്രാണിസഭയുടെ ജീവത്മകവളർച്ചയിൽ ആഘാതമേൽപ്പിച്ച ഈ സ്ഥിതിവിശേഷം വലിയൊരു പ്രതിസന്ധി തന്നെയായിരുന്നു.

## തകരുന്ന സഭാശുശ്രൂഷയും തളരുന്ന സഭാജീവിതവും

അസ്വസ്ഥതകളും അനൈക്യവും നിറഞ്ഞ ഈ അന്തരീക്ഷത്തിൽ ഫലപ്രദമായ സഭാശുശ്രൂഷയോ, സമാധാനപൂർവമായ സഭാ ജീവിതമോ അസാധ്യംതന്നെയായിരുന്നു. വ്യത്യസ്ത ശ്ലൈഹിക പാരമ്പര്യങ്ങളിൽപ്പെട്ട രണ്ടു വ്യക്തിസഭകളിലെ അംഗങ്ങൾ ഉൾപ്പെടുന്നതാണ് മലബാറിലെ ക്രിസ്തീയസമൂഹം എന്നത് അംഗീകരിക്കാൻ മിഷനറിമാർക്ക് കഴിയാതെ വന്നതാണ് സഭാതലത്തിലെ പ്രശ്നങ്ങളുടെ അടിവേര് എന്ന് പറയാം. മാർ തോമാ നസ്രാണിസഭയുടെ തനിമയും വ്യക്തിത്വവും സമാദരിച്ച് അതിന്റെ

ജീവാത്മകവളർച്ചയെ മിഷനറിമാർ ത്വരിതപ്പെടുത്തണമെന്നായിരുന്നു നസ്രാണികളുടെ ആഗ്രഹവും ആവശ്യവും. മിഷനറിമാർ ശ്രമിച്ചതാകട്ടെ നസ്രാണികളെ തങ്ങളുടെ ലത്തീൻസഭയിൽ ലയിപ്പിക്കാനും, അവരുടെമേൽ ആധിപത്യം ഉറപ്പിക്കാനും. അതിന്റെ ഫലമോ അനുചിതമായ സഭാ ശുശ്രൂഷയും അനൈക്യമാകുന്ന സഭാജീവിതവും.

## അപര്യാപ്തമായ വൈദിക പരിശീലനം

മാർ തോമാ നസ്രാണികളുടെ സുറിയാനി റീത്ത് ഇല്ലാതാക്കാനുള്ള ഏറ്റം ഫലപ്രദമായ മാർഗം വൈദികപരിശീലനത്തിൽ ശ്രദ്ധിക്കയാണെന്ന് ആരംഭം മുതലേ മിഷനറിമാർ മനസ്സിലാക്കിയിരുന്നു. സുറിയാനി പഠിപ്പിക്കാതെയും സുറിയാനിറീത്തിൽ പരിശീലനം നൽകാതെയും അതു സാധിക്കാമെന്നും അവർ വിശ്വസിച്ചു. എന്നാൽ നസ്രാണികളുടെ എതിർപ്പുമൂലം സുറിയാനി ഭാഷാപഠനം ഇല്ലതാക്കാൻ കഴിഞ്ഞില്ല. ഏതായാലും ഇക്കാര്യങ്ങളിൽ വൈദികരുടെ അജ്ഞത അസഹനീയമായിത്തീർന്നു. "സുറിയാനി പഠിപ്പിക്കാൻ യോഗ്യതയുള്ള ഒരു വ്യക്തിപോലുമില്ല' എന്ന് ഒരു റിപ്പോട്ടിൽ പറയുന്നു. നസ്രാണി വൈദികർക്ക് അജ്ഞതമൂലം അപകർഷതാബോധമായിരുന്നു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. തങ്ങളുടെ വൈദികരുടെ പരിമിതമായ ഈ അറിവിൽ നസ്രാണികൾ തികച്ചും അസംതൃപ്തരായിരുന്നു. പ്രാപ്പഗാന്താ തിരുസ്സംഘത്തിനു അവതരിപ്പിച്ച ഒരു റിപ്പോർട്ടിൽ ഇപ്രകാരം കാണുന്നു:

*കാലപ്പഴക്കംകൊണ്ടും വൈദികരുടെ അഗാധമായ അജ്ഞതകൊണ്ടും മലബാർ സഭയുടെ പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ തെറ്റുകൾ കടന്നുകൂടി തെറ്റുകൾ തിരുത്തുന്നതിനു സുറിയാനിപാരമ്പര്യത്തിലും സുറിയാനിഭാഷയിലും പരിചയസമ്പന്നരായ വൈദികരെ നൽകാൻ നസ്രാണികൾ അഭ്യർഥിക്കയുണ്ടായി.*

പല വൈദികർയ്ക്കും സുറിയാനിഭാഷ വായിക്കാനോ മനസ്സിലാക്കാനോ കഴിവില്ലായിരുന്നുവെന്ന് 1750-ലെ ഒരു റിപ്പോർട്ടിൽ പറയുന്നു. വൈദികരുടെ സ്ഥിതി ഇതായിരുന്നുവെങ്കിൽ മറ്റുള്ളവരുടെ കാര്യം പറയേണ്ടതില്ലല്ലോ. "സ്വർഗസ്ഥനായ പിതാവേ', "നന്മനിറഞ്ഞ മറിയമേ', "മനസ്താപപ്രകരണം' ഇത്രയും അറിയാവുന്നവർ ആവശ്യത്തിനു ബോധനം ലഭിച്ചവരായിട്ടാണ് കരുതപ്പെട്ടിരുന്നത്.

മിഷനറിമാരുടെ ഭരണവൈകല്യമാണ് നസ്രാണികളെ ഇത്തരത്തിലുള്ള അജ്ഞതയിലേയ്ക്കു നയിച്ചതെന്നു അവരുടെതന്നെ കത്തുകൾ വ്യക്തമാക്കുന്നു. സ്റ്റീഫൻ ബ്രിട്ടോയുടെ കാലത്തുതന്നെ (1624-41) അർക്കദിയാക്കോനും മറ്റും ഇതേക്കുറിച്ച്

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

പരാതിപ്പെട്ടിട്ടുള്ളതാണ്. കൊച്ചി മെത്രാൻ 1646-ൽ എഴുതി, ""അപര്യാപ്തമായ വിദ്യാഭ്യാസത്തിലൂടെ ഈശോ സഭക്കാർ നാട്ടുകാരായ വൈദികരെ അജ്ഞതയിലും അവരുടെ സഭയെ അന്ധരുടെ ഒരു പ്രാവിൻസായും നിലനിർത്തുകയാണെന്ന്. 1772-ലെ ഒരു കത്തിൽ ഈശോസഭക്കാരനായ പിമെന്റൽ മെത്രാപ്പോലീത്താ ഇക്കാര്യത്തിൽ കർമലീത്താക്കാരെയാണ് കുറ്റപ്പെടുത്തുക.

*"കർമലീത്താക്കാർ നസ്രാണികളെ പഠിപ്പിയ്ക്കുകയോ പഠിപ്പിക്കാൻ അനുവദിക്കയോ ചെയ്യുന്നില്ല, വികാരി അപ്പസ്തോലിക്കായുടെ കീഴിലുള്ള ഇടവകകളിൽ അപകടകരമായ അജ്ഞതയാണ് ഭരിയ്ക്കുന്നത് വിശ്വാസസത്യങ്ങളെ സംബന്ധിച്ച് യാതൊരു ബോധനവും നടയ്ക്കുന്നില്ല.''*

ഒരു കാര്യം സത്യമാണ്, സ്വന്തം വ്യക്തിത്വത്തെ സംരക്ഷിച്ചുകൊണ്ടുള്ള നസ്രാണിസഭയുടെ ജീവത്മകമായ വളർച്ചയെ ഈ അജ്ഞത തടസ്സപ്പെടുത്തുകതന്നെ ചെയ്തു.

### അജപാലനശുശ്രൂഷ

അജപാലകരുടെ അഭാവം ചിലപ്പോഴൊക്കെ നസ്രാണികളുടെ സഭജീവിതത്തെ ദോഷകരമായി ബാധിച്ചെങ്കിലും, അവരുടെ ബാഹുല്യമാണ് കൂടുതൽ നാശം വിതച്ചത്. 1718-ൽ ഏതാനും കർമലീത്താ മിഷനറിമാർ എഴുതിയത്, "നിരവധി അജപാലകരുടെ സാന്നിധ്യം കർത്താവിന്റെ മുന്തിരിത്തോട്ടത്തെ നശിപ്പിയ്ക്കുന്നുവെന്നാണ്". അജപാലകരുടെ അഭാവമല്ല, അവരുടെ ആധിക്യമാണ് സഭയെ നശിപ്പിയ്ക്കുന്നതെന്ന് ആർച്ചുബിഷപ്പ് പിമെന്റലും എഴുതുകയുണ്ടായി. സ്വന്തം പാർട്ടിയെ വളർത്താൻ ഏതു മാർഗവും സ്വീകരിയ്ക്കുന്ന സ്ഥിതിവിശേഷം സഭയിലുണ്ടാക്കിയ നാശത്തെയ്ക്കുറിച്ച് പിമെന്റൽ ഇങ്ങനെ രേഖപ്പെടുത്തിയിരിയ്ക്കുന്നു:

*...എല്ലവരും ഭരിയ്ക്കുന്നു, എന്നാൽ ആരും ഭരിക്കേണ്ടതുപോലെ ഭരിയ്ക്കുന്നില്ല എല്ലാവരും ഭരിയ്ക്കുന്നു, കാരണം, ഓരോരുത്തർയ്ക്കുമുണ്ട് തന്നെ അനുഗമിയ്ക്കുന്ന സ്വന്തം പാർട്ടി. ഓരോരുത്തരും സ്വന്തം ചേരിയിൽ ആളുകളുടെ എണ്ണം വർധിപ്പിക്കാനും എതിർ ചേരിയെ ശോഷിപ്പിക്കാനുമാണ് ശ്രമിയ്ക്കുന്നത്... ഇന്ന് ഒരു മെത്രാനെ അനുസരിയ്ക്കുന്നവർ നാളെ എതിർചേരിയിലായിരിയ്ക്കും.*

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

സഭാജീവിതത്തിൽ എത്രമാത്രം അസ്ഥിരത നിലവിലിരുന്നു എന്നാണ് ഇതു സൂചിപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ കുറ്റം ചെയ്തവരെ ശിക്ഷിക്കാൻപോലും സഭാധികാരികൾ തയ്യാറാകുമയിരുന്നില്ല. അതിനാൽ ജനങ്ങളുടെയിടയിൽ ശിക്ഷണരാഹിത്യം വളർന്നു. തങ്ങളുടെ ഇഷ്ടാനുസരണം അധികാരികളെ അനുസരിക്കാനോ അനുസരിക്കാതിരിക്കാനോ സ്വാതന്ത്ര്യമുണ്ടെന്നുള്ള ധാരണ വിശ്വാസികളുടെയിടയിൽ പ്രബലപ്പെട്ടു. ഭരണാധികാരത്തിനും മേൽക്കോയ്മയും സഭയിൽ അമിത പ്രാധാന്യം നൽകുകയും ആത്മീയപൈതൃകത്തെ അവഗണിക്കയും ചെയ്തതാണ് ഐക്യവും സമാധാനവും നഷ്ടപ്പെടുത്തിയതും. കാരണം, അത്തരത്തിലുള്ള ഒരു സമീപനത്തിൽ സഭയുടെ ജീവാത്മകവളർച്ച സധിക്കയില്ല. ഈ അരാജകത്വത്തിൽ നിന്നും അന്യതാബോധത്തിൽനിന്നും കരേറുവാനുള്ള യത്നങ്ങളുടെ ചരിത്രമാണ് പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങൾ മുതലുള്ള നസ്രാണിസഭയുടെ ചരിത്രം.

## പുനരുദ്ധാരണശ്രമങ്ങൾ

### കരിയാറ്റിയും പാറേമ്മാക്കലും

പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിലെ ചില സംഭവങ്ങൾ മാർ തോമാനസ്രാണികളെ ഏറേ വേദനിപ്പിച്ചു. വികാരി അപ്പസ്തോലിക്കയായിരുന്ന ഫ്ളൊറൻസുമെത്രാന്റെ കബറടക്കശുശ്രൂഷ നടത്താൻ നസ്രാണി കത്തനാരന്മാരെ കർമലീത്താ പാതിരിമാർ അനുവദിക്കാതിരുന്നത്, ഇടപ്പള്ളിവികാരിയായിരുന്ന ചമ്പക്കുളത്തുകാരൻ ചാക്കോ കത്തനാരെ പീഡിപ്പിച്ചുകൊന്നത്, നസ്രാണികൾ പരമ്പരാഗതമായി അനുഭവിച്ചിരുന്ന ചില ആനുകൂല്യങ്ങളും അവകാശങ്ങളും ഇല്ലാതാക്കിയത് തുടങ്ങിയ സംഭവങ്ങളോട് ശക്തമായി പ്രതികരിക്കാൻ നസ്രാണികൾ തീരുമാനിച്ചു. തങ്ങളുടെ സഭയിൽ ഇത്തരത്തിൽ അപമതി ഉണ്ടാകാൻ കാരണം സ്വന്തതലവൻ ഇല്ലാത്തതാണെന്നുള്ള അവബോധം ക്രമേണ വളർന്നു.

1600-ൽ ആരംഭിച്ച പദ്രാവാദോഭരണവും 1661-ൽ ആരംഭിച്ച പ്രാപ്പഗാന്താഭരണവും നസ്രാണികളുടെ പ്രതീക്ഷകളെ തകർത്തു പാശ്ചാത്യ മിഷനറിമാരിൽ വിശ്വാസമർപ്പിക്കാൻ പറ്റാത്ത ഒരവസ്ഥയായി അവരുടെ ഭരണത്തിൻ കീഴിൽ സ്വന്തം സഭാപൈതൃകവും അവകാശങ്ങളും സംരക്ഷിക്കപ്പെടുകയില്ലെന്നുള്ള ബോധ്യത്തിൽ നിന്നാണ് സ്വന്തം ജാതിയിൽനിന്ന് സഭയ്ക്കൊരു തലവൻ ഉണ്ടാകേണ്ടതിന്റെ ആവശ്യകത

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

നസ്രാണികൾക്കനുഭവപ്പെട്ടത്. ഈ ബോധ്യത്തിന്റെ ആദ്യത്തെ ഏറ്റം ശക്തനായ വക്താവായിരുന്നു പാറേമ്മാക്കൽ തോമാക്കത്തനാർ.

1665 മുതൽ യാക്കോബായ ബന്ധത്തിൽ കഴിഞ്ഞിരുന്ന നസ്രാണിവിഭാഗത്തിന്റെ തലവന്മാർ എല്ലാവരും തന്നെ പുനരൈക്യത്തിന് ആഗ്രഹിച്ചവരാണ്. മിഷനറിമാർ അതിന് വേണ്ടത്ര പ്രോത്സാഹനം നൽകിയിട്ടില്ലെന്നുള്ളത് പുനരൈക്യശ്രമങ്ങൾ പരാജയപ്പെട്ടുവാൻനൊരു പ്രധാന കാരണമായി. 18 ആം നൂറ്റാണ്ടിന്റെ അന്ത്യ ദശകങ്ങളിൽ പുനരൈക്യത്തിന് അതിയായി ആഗ്രഹിച്ച ആളായിരുന്നു ആറാം മാർതോമാ. വികാരി അപ്പസ്തോലിയ്ക്ക ആയിരുന്ന കർമ്മലീത്താക്കാരൻ ഫ്രാൻസീസ് സാലസ് പുനരൈക്യശ്രമങ്ങൾ പരാജയപ്പെടുത്തുവാനാണ് ശ്രമിച്ചത്. ഈ സാഹചര്യത്തിൽ കരിയാറ്റിൽ യൗസേപ്പ് മൽപ്പാൻ എന്ന നസ്രാണി വൈദീകൻ മാർ തോമ്മാ ആറാമന് തുണയേകി. വേണ്ടിവന്നാൽ റോമിൽ ചെന്ന് ഇക്കാര്യം സാധിയ്ക്കും എന്ന് മല്പാൻ ഉറപ്പ നൽകി.

ആറാം മാർ തോമ്മായുടെ പുനരൈക്യം സാധിയ്ക്കുക, നസ്രാണീ സഭയുടെ ശോചനീയാവസ്ഥ ബന്ധപ്പെട്ട റോമനധികാരികളേയും പദ്രൊവാദോ അധികാരികളേയും അറിയിച്ച് പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കരിയാറ്റി യൗസേപ്പ് മല്പാനെയും പാറേമാക്കൽ തോമാ കത്തനാരെയും നസ്രാണി പൊതുയോഗം റോമിലേയ്ക്കും ലിസ്ബണിലേയ്ക്കും അയച്ചു. പ്രതികൂല സാഹചര്യങ്ങളേയും ശത്രുക്കളുടെ എതിർപ്പുകളേയും അതിജീവിച്ച് അവർ ലിസ്ബണിലും റോമിലും എത്തി അധികാരികളെ വിവരങ്ങളറിയിച്ചു. നിരാശയേകിയ നിരവധി സംഭവങ്ങളുണ്ടായെങ്കിലും അവസാനം കരിയാറ്റി കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി നിയമിതനായി. ആറാം മാർ തോമായെ പുനരൈക്യപ്പെടുത്തി സ്വീകരിയ്ക്കാനുള്ള അധികാരവും കരിയാറ്റിയ്ക്ക നൽകപ്പെട്ടു. മടക്കയാത്രയിൽ അവർക്ക് ഗോവയിൽ കുറച്ചുകാലം താമസിയ്ക്കേണ്ടിവന്നു. അവിടെവച്ച് 1786ൽ കരിയാറ്റി മെത്രാപ്പോലീത്താ അവിചാരിതമായി മരണമടഞ്ഞു. അതോടെ നേടിയതെല്ലാം ഇല്ലാതായി. നസ്രാണി സഭയുടെ മോചനത്തിനു വേണ്ടി കരിയാറ്റിയും പാറേമാക്കലും കൂടി നടത്തിയ ഈ ഐതിഹാസിക യാത്രയുടെ വിശദാംശങ്ങൾ പാറേമാക്കലിന്റെ ഡയറിക്കുറിപ്പിലുണ്ട്. വർത്തമാനപ്പുസ്തകം എന്ന പേരിൽ അതു പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഓരോ വാക്കിലും ആഴമായ സഭാവബോധവും സഭാസ്നേഹവും നിറഞ്ഞു നിൽകുന്ന ഈ ഗ്രന്ഥം വായനക്കാരിൽ ചലനം സൃഷ്ടിയ്ക്കാതിരിക്കില്ല.

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

## നാട്ടുമെത്രാന്മാർക്കുവേണ്ടിയുള്ള യത്നങ്ങൾ

കരിയാറ്റിയുടെ മരണത്തെത്തുടർന്ന് പാറേമാക്കൽ കൊടുങ്ങല്ലൂർ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ ആയി ഭരണം നടത്തി. ഗോവർണ്ണദോർ എന്നറിയപ്പെട്ട അദ്ദേഹത്തിന്റെ കാലത്താണ്(1786-1799) നസ്രാണികൾ ആദ്യമായി നാട്ടുകാരായ മെത്രാന്മാർക്കുവേണ്ടി സംഘടിത ശ്രമം നടത്തുന്നത്. തങ്ങളുടെ സുറിയാനി റീത്തും ന്യായമായ അവകാശങ്ങളും സംരക്ഷിയ്ക്കുന്നതിന് സ്വന്തം റീത്തിലും ജാതിയിലും പെട്ട മെത്രാന്മാർ ഉണ്ടാകണമെന്ന നിഗമനത്തിൽ നൂറ്റാണ്ടുകളുടെ അനുഭവം നസ്രാണികളെ എത്തിച്ചു. ഈ ബോധ്യം 1787 ഫെബ്രുവരി ഒന്നാം തിയതി പാറേമാക്കലിന്റെ അധ്യക്ഷതയിൽ അങ്കമാലിയിൽ ചേർന്ന പള്ളിയോഗം പ്രതിനിധികളുടെ സമ്മേളനത്തിൽ രേഖപ്പെടുത്തപ്പെട്ടു. ഇതാണ് വിഖ്യാതമായ അങ്കമാലി പടിയോല.

പാറേമാക്കൽ ഭരണമേറ്റതോടെ പദ്രോവാദോ-പ്രൊപ്പഗാന്താ ഭിന്നതകൾ മറന്ന് നസ്രാണി സമൂഹം ഒരുമിച്ചു നീങ്ങി. എന്നാൽ അദ്ദേഹത്തെ മെത്രാപ്പോലീത്തയാക്കണമെന്നുള്ള നസ്രാണികളുടെ ആഗ്രഹം മിഷനറിമാരുടെ എതിർപ്പുമൂലം സഫലമായില്ല. 1801 നുശേഷം പദ്രോവാദോ-പ്രൊപ്പഗാന്താ ആധിപത്യത്തിൽ ലത്തീൻ ഭരണാധികാരികളുടെ കീഴിൽ സഭ വീണ്ടും വിഭജിയ്ക്കപ്പെട്ടു.

## ലത്തീൻ ഭരണത്തിൽ വീണ്ടും

ഏതാണ്ട് അര നൂറ്റാണ്ടു പിന്നിട്ടപ്പോഴേയ്ക്കും ഒരു സുറിയാനി മെത്രാനുവേണ്ടിയുള്ള ദാഹം നസ്രാണികളിൽ ശക്തമായി. ആഗ്രഹസാധ്യത്തിനായി കൽദായ പാത്രിയർക്കീസുമായി ബന്ധപ്പെട്ടു. അങ്ങനെ ആദ്യം റോക്കോസ് പിന്നെ മേലൂസ് എന്നിങ്ങനെ രണ്ടു സുറിയാനി മെത്രാന്മാർ കേരളത്തിലെത്തി. എങ്കിലും മാർപ്പാപ്പയുടെ കൽപന പ്രകാരം അവർക്കു തിരിച്ചു പോകേണ്ടി വന്നു. മേലൂസിന്റെ അനുയായികൾ നെസ്തോറിയൻ പാത്രിയർക്കിസുമായി ബന്ധം സ്ഥാപിച്ചു. ഇന്ന് തൃശ്ശൂരുള്ള നെസ്തോറീയൻ (ശൂറായികൾ) സഭാവിഭാഗത്തിന്റെ ഉത്ഭവം ഇങ്ങനെയാണ്.

മിഷനറിമാരുടെ കടുത്ത എതിർപ്പിനെ വകവയ്ക്കാതെ നാട്ടുമെത്രാന്മാർക്കു വേണ്ടിയുള്ള യത്നം നസ്രാണികൾ തുടർന്നു. ഇതിനോടകം രൂപം കൊണ്ടിരിന്ന ഏതദ്ദേശീയ സുറിയാനി കർമ്മലീത്താ സമൂഹത്തിലെ ഏതാനും വൈദീകർ നാട്ടുമെത്രാന്മാർക്കുവേണ്ടിയുള്ള നീക്കങ്ങൾക്ക് നേതൃത്വം നൽകി. തങ്ങളുടെ ആവശ്യങ്ങൾ അറിയിച്ചുകൊണ്ട് റോമിലേയ്ക്കെഴുതുന്നതും മറ്റും പിടിയ്ക്കപ്പെട്ട പാപമാണെന്നു പറഞ്ഞ് ഭയപ്പെടുത്തിയും മറ്റും നസ്രാണികളെ പിന്തിരിപ്പിയ്ക്കാൻ മിഷനറിമാർ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. നേതൃത്വം കൊടുത്ത ഏഴ് സുറിയാനി കർമ്മലീത്താ വൈദീകരെ അന്നത്തെ വികാരി അപ്പസ്തോലിയ്ക്ക

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

സന്യാസസമൂഹത്തിൽ നിന്ന് ബഹിഷ്കരിച്ചു. എങ്കിലും നസ്രാണികൾ തങ്ങളുടെ ന്യായമായ ആവശ്യവുമായി മുന്നോട്ടുതന്നെ പോയി.

## വ്യക്തിത്വം അംഗീകരിയ്ക്കപ്പെടുന്നു

നസ്രാണികളുടെ ബോധ്യത്തെയും അവരുടെ ചിരകാലാഭിലാഷത്തെയും അംഗീകരിയ്ക്കുന്നതിന്റെ ആദ്യനടപടി എന്ന നിലയിൽ 1887-ൽ സുറിയാനിക്കാരെ ലത്തീൻകാരിൽ നിന്ന് വേർപെടുത്തി അവർക്കായി കോട്ടയം – തൃശ്ശൂർ എന്നീ രണ്ടു വികാരിയാത്തുകൾ സ്ഥാപിച്ചു. ഭരണാധികാരിയായി ലത്തീൻ മെത്രാന്മാർ തന്നെ നിയമിതരായെങ്കിലും സുറിയാനിക്കാരായ നസ്രാണികളുടെ അനന്യതയും പൈതൃകവും അംഗീകരിയ്ക്കപ്പെട്ടതിന്റെ സൂചനയായിരുന്നു അത്. 1896ൽ ഈ വികാരിയാത്തുകളെ പുനസംഘടിപ്പിച്ച് ചങ്ങനാശ്ശേരി, തൃശ്ശൂർ, എറണാകുളം എന്നീ മൂന്നുവികാരിയാത്തുകൾക്ക് രൂപം നൽകി, നാട്ടുമെത്രാന്മാരെത്തന്നെ മെത്രാന്മാരായി നിയമിച്ചാക്കുകയും ചെയ്തു. 1600-ൽ ആരംഭിച്ച ലത്തീൻ ഭരണത്തിന് അങ്ങനെ അന്ത്യമായി.

## സാക്ഷത്കരിക്കപ്പെടേണ്ട സ്വപ്നം

മാർ തോമാ നസ്രാണിസഭയുടെ ഭാവി നാട്ടുമെത്രാന്മാരുടെ കരങ്ങളിൽ ഭദ്രമാകുമെന്നു വിശ്വസിച്ച് അക്ഷീണം യത്നിച്ച പൂർവ്വികർക്ക് തെറ്റുപറ്റിയോ എന്നു ചിന്തിയ്ക്കേണ്ട അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ പിന്നീട് നീങ്ങിയത്. കഴിഞ്ഞ മൂന്നു നൂറ്റാണ്ടുകൾ തങ്ങളുടെ പൂർവ്വികർ എന്താണ് ആഗ്രഹിച്ചത്, എന്തിനു വേണ്ടിയാണ് ത്യാഗം അനുഷ്ഠിച്ചതെന്ന് പുതിയ നേതൃത്വം വിസ്മരിച്ചതുപോലെ. ലിറ്റർജി, ആദ്ധ്യാത്മികത, ദൈവശാസ്ത്രം ശിക്ഷണക്രമം എല്ലാം ഉൾപ്പെടുന്ന മാർ തോമാ മാർഗ്ഗം എന്നറിയപ്പെടുന്ന നസ്രാണിസഭാ പൈതൃകം വീണ്ടെടുക്കുവാനും സംരക്ഷിയ്ക്കുവാനുമുള്ള സുവർണ്ണാവസരമായിരുന്നു നാട്ടുമെത്രാന്മാരിലേയ്ക്ക് അധികാരം കൈമാറിക്കിട്ടിയ നസ്രാണീസഭയ്ക്ക് കൈവന്നത്. ഇതര രംഗങ്ങളിൽ നാനാവിധമായ വളർച്ച ഉണ്ടായെങ്കിലും സഭാജീവിതശൈലി ലത്തീനീകരിയ്ക്കപ്പെട്ട അവസ്ഥയിൽ തന്നെ തുടർന്നു. മാത്രമല്ല കൂടുതൽ ലത്തീനീകരണത്തിനായി ശ്രമിയ്ക്കുകയും ചെയ്തു. മോറോൻ കുദാശയുടെ കർമ്മാനുഷ്ഠാനവിധി ലത്തീനിൽ നിന്ന് വിവർത്തനം ചെയ്ത് അച്ചടിപ്പിച്ചതും പല ലത്തീൻ തിരുന്നാളുകളും ആഘോഷിയ്ക്കുവാൻ തുടങ്ങിയതും ഉപവാസം, മാംസവർജ്ജനം, കടമുള്ള ദിവസങ്ങൾ മുതലായവ ലത്തിൻറീതിതിനോട് അനുരൂപമാക്കിയതും ലത്തീൻ പൊന്തിഫിക്കൽ സുറിയാനിയിൽ പരിഭാഷപ്പെടുത്തി ഉപയോഗിയ്ക്കാൻ അനുവദിയ്ക്കണമെന്ന് പരിശുദ്ധ സിംഹാസനത്തോട് ആവർത്തിച്ചപേക്ഷിച്ചതുമെല്ലാം ഇതിന് ഉദാഹരണങ്ങളാണ്.

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com

സഭാനേതൃത്വം ഈ രീതിയിലാണ് പ്രതികരിച്ചതെങ്കിലും വൈദീകരിലും വിശ്വാസികളിലും നസ്രാണിസഭാ പൈതൃകത്തെക്കുറിച്ചുള്ള അവബോധം നശിച്ചിരുന്നില്ല. 1888ൽ വൈദീകരും വിശ്വാസികളും ചേർന്ന് കോട്ടയം വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കയായിരുന്ന ലവീഞ്ഞ് മെത്രാന് നൽകിയ മംഗളപത്രത്തിൽ തങ്ങളുടെ ആചാരങ്ങൾക്കും ആരാധനാക്രമങ്ങൾക്കും നഷ്ടപ്പെട്ട തേജസ് വീണ്ടടുത്തു കൊടുക്കണമെന്ന് അഭ്യർത്ഥിയ്ക്കുകയുണ്ടായി. നാട്ടുമെത്രാന്മാരെ ലഭിച്ചതിനുശേഷം 1908ൽ മൂന്നു വികാരിയാത്തുകളിലെയും വൈദീകർ മാർപ്പാപ്പായ്ക്ക് സമർപ്പിച്ച അപേക്ഷയിൽ സമ്പൂർണ്ണവും കലർപ്പില്ലാത്തതുമായ സീറോ കൽദായ റീത്ത് അനുവദിച്ചു തരണമെന്ന് അഭ്യർത്ഥിച്ചു.

മാർ തോമാ നസ്രാണിസഭയുടെ അവസ്ഥ നന്നായി മനസിലാക്കിയ പതിനൊന്നാം പീയൂസ് മാർപാപ്പാ ഈ സഭയുടെ കാര്യത്തിൽ ശക്തമായിത്തന്നെ ഇടപെട്ടു. പൗരസ്ത്യരുടെയിടയിൽ ലത്തീനീകരണം പ്രോത്സാഹിപ്പിയ്ക്കുന്നത് ശരിയല്ലെന്നു പ്രഖ്യാപിച്ചുകൊണ്ട് സീറോമലബാർ സഭയുടെ സുറിയാനി റീത്ത് പുനരുദ്ധരിയ്ക്കാൻ പരിശുദ്ധ പിതാവ് നടപടികളാരംഭിച്ചു. 1934ൽ തുടക്കം കുറിച്ച പുനരുദ്ധാരണ നടപടികൾ ഏറെ പ്രതിബന്ധങ്ങൾ തരണം ചെയ്ത് ഇന്നും തുടരുന്നു. പൂർവ്വികരുടെ ന്യായമായ താത്പര്യം അന്വർത്ഥമാക്കിക്കൊണ്ട് സഭയുടെ നിയമാനുസൃതപാരമ്പര്യങ്ങൾക്കും ജീവാത്മക വളർച്ചയ്ക്കും ഉചിതമായ വിധം പുനരുദ്ധാരണ നടപടികൾ പൂർത്തിയാക്കപ്പെടും എന്നു പ്രത്യാശിയ്ക്കാം.

(From *Paurastya Daivasastra* Darsanangal, Joseph Kallarangatt, ed., OIRSI, Kottayam,. 1997)

www.malankaralibrary.com